# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## വെട്ടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# ജില്ലാ ഓഡിറ്റ് കാര്യാലയം

# മലപ്പുറം-676505

**ഇ-മെയിൽ:  dompm.ksad@kerala.gov.in**
**ഫോൺ :  0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:  കെ.എസ്.എം.പി.എം/17/1643/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

തീയ്യതി: 05/09/2024

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ:  0483-2734951

ഡെപ്യൂട്ടി ഡയറക്ടര്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെട്ടം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിന ുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള

പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എം.പി.എം/17/1643/2024
തീയ്യതി: 05/09/2024

# മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

( **1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-08-2023 മുതൽ 18-07-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകള് എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-07-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ചിത്രലേഖ.കെ.കെ,കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 19-07-2024 | 27-07-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-07-2024 | 27-07-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.റിഷിൽ.പി,ഓഡിറ്റ് ഓഫീസർ

ശ്രീ.മുഹമ്മദ് ഷജീർ.കെ,സീനിയർഗ്രേഡ് ഓഡിറ്റര്

ശ്രീമതി.സുജിത.പി.കെ, ഓഡിറ്റർ

ശ്രീ.മൊയ്തീൻ ഫാസിൽ.കെ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.നൗഷാദ്.എൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.സുധീർ.എ | സെക്രട്ടറി | 01-04-2023 | 06-07-2023 |
| ശ്രീ.ജയൻ .കെ.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-07-2023 | 18-07-2023 |
| ശ്രീ.അബ്ദുൽ സലീം.എ | സെക്രട്ടറി | 19-07-2023 | 31-03-2024 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശ്രീനിവാസൻ.എം | അസി.സെക്രട്ടറി | 01-04-2023 | 17-06-2023 |
| ശ്രീ.ജയൻ.കെ.വി | അസി.സെക്രട്ടറി | 18-06-2023 | 31-03-2024 |
| ശ്രീമതി. രേഷ്മ. എൻ. | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി. ബിന്ദുമോൾ. കെ. കെ. | അസി.എഞ്ചിനീയർ | 01-04-2023 | 24-08-2023 |
| ശ്രീ.ശ്രീനാരായണൻ.എം | അസി.എഞ്ചിനീയർ ഇന് ചാർജ്ജ് | 25-08-2023 | 07-11-2023 |
| ശ്രീമതി.അമല.പി.ബി | അസി.എഞ്ചിനീയർ | 08-11-2023 | 31-03-2024 |
| ഡോ. ഫാത്തിമത്തു താഹിറ. ഒ. കെ. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2023 | 10-08-2023 |
| ഡോ. സൂര്യനാരായണൻ | വെറ്ററിനറി സർജന് | 01-04-2023 | 31-03-2024 |
| ശ്രീമതി.ചിഞ്ചു മോൾ | ഫിഷറീസ് എക്സറ്റൻഷൻ ഓഫീസർ | 01-04-2023 | 04-04-2023 |
| ശ്രീ.മുഹമ്മദ് സജീർ ടി | ഫിഷറീസ് എക്സറ്റൻഷൻ ഓഫീസർ | 05-04-2023 | 26-06-2023 |
| ശ്രീ.വൈശാഖ്.കെ | ഫിഷറീസ് എക്സറ്റൻഷൻ ഓഫീസർ | 27-06-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി.മഞ്ജു.എം | ഐ സി ഡി എസ് സൂപ്പർവൈസര് | 01-04-2023 | 31-03-2024 |
| ശ്രീ.ഷാജിത്ത്.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ആശ ശശി.ബി.എസ് | വി.ഇ.ഒ | 01-04-2023 | 31-03-2024 |
| ശ്രീ.ഷാഹുൽ ഹമീദ്.പി | വി.ഇ.ഒ | 01-04-2023 | 01-11-2023 |
| ഒഴിവ് | വി.ഇ.ഒ | 02-11-2023 | 03-11-2023 |
| ശ്രീ.രജീഷ്.പി.എം | വി.ഇ.ഒ | 04-11-2023 | 29-11-2023 |
| ശ്രീ.സജി.എസ് | വി.ഇ.ഒ | 30-11-2023 | 09-01-2024 |
| ശ്രീ.ആൻസോ.സി | വി.ഇ.ഒ | 10-01-2024 | 31-03-2024 |
| ഡോ.അസ്ഹർ.ഇ.പി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2023 | 31-03-2024 |
| ഡോ.ഹേമലത.സി.കെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 11-08-2023 | 31-03-2024 |

.

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | മുഴുവൻ രേഖകളും വാർഷികകണക്കില് ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-2 |
| 4 | ബാങ്ക് നീക്കിയിരിപ്പ് റീകൺസിലിയേഷന് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | എൻ.ആർ.ഇ.ജി.എസ്. ക്യാഷ് സ്റ്റേറ്റ്മെന്റ് എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | എ.സി.ആർ നീക്കിയിരിപ്പ് എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | അഡ്വാൻസ് രജിസ്റ്റര് എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-7 |
| 9 | വസ്തു നികുതി ഡി.സി.ബി എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | തുകകൾ ദശാംശ രൂപത്തില് രേഖപ്പെടുത്തിയിരിക്കുന്നു | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 13 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമപദ്ധതികൾ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |

| | | |
|---|---|---|
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ- മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ: അവലോകനം | 1-11 |
| 21 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകത | 1-12 |
| 22 | കറന്റ് അക്കൗണ്ടിൽ പണം സൂക്ഷിക്കുന്നു | 1-13 |
| 23 | കട്ടിലുകൾ മുഴുവന് വിതരണം ചെയ്തില്ല- പ്രൊജക്ട് : 174/24 | 1-14-1 |
| 24 | കട്ടിലുകൾ മുഴുവന് വിതരണം ചെയ്തില്ല-പ്രൊജക്ട് : 173/24 | 1-14-2 |
| 25 | കട്ടിലുകൾ മുഴുവന് വിതരണം ചെയ്തില്ല-പ്രൊജക്ട് : 57/24 | 1-14-3 |
| 26 | കട്ടിലുകൾ മുഴുവനായും വിതരണം ചെയ്തില്ല | 1-14 |
| 27 | ഉയർന്ന നിരക്കില് ക്വാട്ട് ചെയ്ത സ്ഥാപനത്തില് നിന്ന് പർച്ചെയ്സ് ചെയ്തു | 1-15 |
| 28 | ക്വട്ടേഷൻ കൂടാതെ പർച്ചെയ്സ് ചെയ്തു | 1-16 |
| 29 | സബ്സെന്ററിലേക്ക് ടെസ്റ്റ് ഉപകരണം വാങ്ങിയതിൽ അപാകത | 1-17 |
| 30 | ക്വട്ടേഷൻ കൂടാതെ പർച്ചെയ്സ് ചെയ്തു | 1-18 |
| 31 | മരുന്നുകൾ ലഭ്യമാക്കാന് അവശേഷിക്കുന്നു | 1-19 |
| 32 | തെരുവ് വിളക്ക് റിപ്പയർ- അപാകതകള് | 1-20 |
| 33 | വാഹന പരിപാലനം - VEELS വെബ്സൈറ്റിൽ ചെലവ് വിവരങ്ങള് അപ്‌ലോഡ് ചെയ്യുന്നില്ല. | 1-21 |
| 34 | ലൈബ്രറി സെസ്സ് യഥാസമയം അടവാക്കിയില്ല. | 1-22 |

| | | |
|---|---|---|
| 35 | അക്കൗണ്ട് നമ്പർ മാറി ബില് നൽകിയത് സംബന്ധിച്ച് | 1-23 |
| 36 | സർക്കാര് ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നു ഫർണ്ണീച്ചര് വാങ്ങി | 1-24 |
| 37 | മേശയും കസേരയും മുഴുവൻ വിതരണം ചെയ്തിട്ടില്ല | 1-25 |
| 38 | ലാപ് ടോപ്പ് മുഴുവൻ വിതരണം ചെയ്തിട്ടില്ല | 1-26 |
| 39 | ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കള് ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ല | 1-27 |
| 40 | ഭിന്നശേഷിക്കാർക്ക് ഉപകരണം നൽകല് പദ്ധതി അപാകതകള് | 1-28 |
| 41 | കാനൂർ മാനാത്ത് റോഡ് ഡ്രൈനേജ് പ്രവൃത്തി അപാകത - കരാറുകാരന് 6444 രൂപ അധികം നൽകി | 1-29 |
| 42 | മരാമത്ത് പ്രവൃത്തികളിൽ മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി | 1-30 |
| 43 | പഞ്ചായത്ത് ഓഫീസ് നവീകരണം - ഫൈന് ഈടാക്കിയില്ല -നഷ്ടം 8819 രൂപ | 1-31 |
| 44 | അസി. എഞ്ചിനീയർ - ടെണ്ടര് ഫീ മുഴുവനായും പഞ്ചായത്തിലേക്ക് നൽകിയിട്ടില്ല | 1-32 |
| 45 | എസ്.സി. വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - അപാകത | 1-33 |
| 46 | ബാലസഭ – പദ്ധതി നടപ്പിലാക്കിയില്ല- CDS ചെയർപേഴ്സന് കൈമാറിയ തുക തിരിച്ചീടാക്കിയില്ല. | 1-34 |

**ഭാഗം 2**

--- No records found ---

**ഭാഗം 3**

| | | |
|---|---|---|
| --- No records found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങള് | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങള് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടില് ഉൾപ്പെട്ട ഖണ്ഡികകള് | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാന് അവശേഷിക്കുന്ന റിപ്പോർട്ടുകള് | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. വെട്ടം ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 27.05.2024 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 31.05.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വെട്ടം ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

മലപ്പുറം
തീയതി : 05.09.2024

## <u>1-1-1 മുഴുവൻ രേഖകളും വാർഷികകണക്കില് ഉൾപ്പെട്ടിട്ടില്ല.</u>

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകള് എന്നീ പത്രികകള് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## <u>1-1-2 ആസ്തി രജിസ്റ്റര് കാലികമാക്കി സൂക്ഷിച്ചിട്ടില്ല</u>

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാല് വാർഷിക കണക്ക് (B-11 schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## <u>1-1-3 ബാങ്ക് നീക്കിയിരിപ്പ് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല</u>

എച്ച്.ഡി.എഫ്.സി ബാങ്കിലെ (A/C No: 50100414288900) RP 40(b) പ്രകാരമുള്ള നീക്കിയിരിപ്പ് 11249274/- രൂപയാണ്. എന്നാൽ റീകൺസിലിയേഷന് സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക് ബുക്ക് നീക്കിയിരിപ്പ് 11324574/- രൂപയാണ്.

## <u>1-1-4 എൻ.ആർ.ഇ.ജി.എസ്. ക്യാഷ് സ്റ്റേറ്റ്മെന്റ് എ.എഫ്.എസുമായി</u>

**പൊരുത്തപ്പെടുന്നില്ല**

I-14(C) പ്രകാരം ഗുണഭോക്താക്കൾക്കായി നേരിട്ട് ചെലവഴിച്ചത് 32470262/- രൂപയാണ്. എന്നാൽ എൻ.ആർ.ഇ.ജി.എസ്. ക്യാഷ് സ്റ്റേറ്റ്മെന്റ് പ്രകാരം ആയത് 36364889/- രൂപയാണ്.

**1-1-5 എ.സി.ആർ നീക്കിയിരിപ്പ് എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല**

എ.എഫ്.എസ്. പ്രകാരം ഡെവലപ്പ്മെന്റ് ഫണ്ട് ജനറല് വിഭാഗത്തിലെ ചെലവ് 36346862/- രൂപയാണ്. എന്നാൽ എ.സി.ആർ. പ്രകാരം ആയത് (സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ) 38767716/- രൂപയാണ്.

**1-1-6 അഡ്വാൻസ് രജിസ്റ്റർ എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല**

RP-49 പ്രകാരം കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുക 82251/- രൂപയാണ്. എന്നാൽ ആയത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത് 48577/- രൂപ എന്നാണ്.

**1-1-7 ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല**

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ചുവടെ കൊടുത്ത ഇനങ്ങളില് ഒ.ബി. ഉള്ളതായി കാണുന്നു. എന്നാൽ ആയതിന്റെ വിവരണം രജിസ്റ്ററിൽ ലഭ്യമല്ല.

| ഇനം | മുന്നിരിപ്പ് |
|---|---|
| കോൺട്രാക്ടേഴ്സ് ഇ.എം.ഡി | 19144 |
| കോൺട്രാക്ടേഴ്സ് റിടെൻഷന് | 145364 |
| ഇലക്ഷൻ ഡെപ്പോസിറ്റ് | 56500 |
| സപ്ലയേഴ്സ് ഇ.എം.ഡി | 35350 |
| ബിഡ്ഡേഴ്സ് ഇ.എം.ഡി | 38376 |
| സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 6250 |

(എൻക്വയറി നം. 31/26.07.24)

**1-1-8 വസ്തു നികുതി ഡി.സി.ബി എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല**

RP-45 പ്രകാരം വസ്തു നികുതി ഇനത്തില് ഉള്ള വരവും ഡി.സി.ബി ഇനത്തിലുള്ള വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| റെസിഡൻഷ്യല് കെട്ടിടം(എ.എഫ്.എസ് പ്രകാരം) | റെസിഡൻഷ്യല് കെട്ടിടം(ഡി.സി.ബി പ്രകാരം) | നോൺ റെസിഡൻഷ്യല് കെട്ടിടം(എ.എഫ്.എസ് പ്രകാരം) | നോൺ റെസിഡൻഷ്യല് കെട്ടിടം(ഡി.സി.ബി പ്രകാരം) |
|---|---|---|---|
| 2314172 | 2339292* | 2061685 | 2095917* |

* ബുക്ക് അഡ്ജസ്റ്റ്മെന്റ് ഉൾപ്പെടെ
01.01.19 2011 ലെ കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) പ്രകാരം ധനകാര്യ പത്രികകളിലെ തുകകൾ പൂർണ്ണ രൂപത്തില് രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല.

## 1-1-9 തുകകൾ ദശാംശ രൂപത്തില് രേഖപ്പെടുത്തിയിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) പ്രകാരം ധനകാര്യ പത്രികകളിലെ തുകകൾ പൂർണ്ണ രൂപത്തില് രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല.

## 1-2 ബജറ്റ്

| 2023-24ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2023-24ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| 1(1)/22.03.2023 | III(1)/01.02.2024 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 42092602.42 |
| വരവ് | 268170388 |
| ആകെ | 310262990.42 |
| ചെലവ് | 272364226 |
| നീക്കിയിരിപ്പ് | 37898764.42 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 36183472 | 36183472 | 36017187 | 166285 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 3043212 | 3043212 | 3035240 | 7972 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 5666650 | 5666650 | 1804852 | 3861798 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 2016000 | 2016000 | 2013184 | 2816 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 4835500 | 4835500 | 6696028 | -1860528 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 6447000 | 6447000 | 5900275 | 546725 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകള് നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 217 | 183220057 | 127 * | 116663670 | - | 90 | 58.52% |

*സോഴ്സ് ഡിഡക്ഷൻ തുക ഉൾപ്പെടെ

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.</u>

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 520256 | 1150441 | 1670697 | 1670697 | 0 |
| ഗുണഭോക്തക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 36364889 | 36364889 | 36364889 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷന് | 2194000 | 189 |
| വിധവാപെൻഷന് | 16477500 | 1465 |
| വാർദ്ധക്യകാലപെൻഷന് | 25845000 | 2431 |
| വികലാംഗപെൻഷന് | 5742500 | 515 |
| വിവാഹ ധനസഹായം | 330000 | 11 |
| 50 വയസ്സിനു മുകളില് പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷന് | 587200 | 54 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.07.2024 ന് 14.18 PM-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16304 രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതിവർഷം നടത്തി ആസ്തി രജിസ്റ്ററുകള് കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ

റിപ്പോർട്ട് ഭരണ സമിതിയ്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലര്, 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)). ആയത് പാലിച്ചിട്ടില്ല.

2. ഗവ. സർക്കുലര് 86/2010/ഫിൻ തീ. 24.09.10 പ്രകാരം കമ്പ്യൂട്ടര് ഹാർഡ്‌വെയര് ,സോഫ്റ്റ്‌വെയര് എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടര് ഹാർഡ്‌വെയര് സോഫ്റ്റ്‌വെയര് എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റര് പരിപാലിച്ചിട്ടില്ല.

3. മരാമത്ത് മേഖലയിൽ പ്രവൃത്തികള് പൂർണ്ണമായും നടപ്പാക്കാത്തതിനാല് മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തില് 38,61,798 രൂപ ഗ്രാമ പഞ്ചായത്തിന് തൻവർഷത്തില് നഷ്ടപ്പെട്ടു (Lapse ആയി).

4. വിദ്യാഭ്യാസ മേഖലയിൽ ഹെഡ്മാസ്റ്റര് നിർവഹണ ഉദ്യോഗസ്ഥനായി 6 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചുവെങ്കിലും ഒരു പ്രോജക്റ്റു പോലും തൻവർഷത്തില് നടപ്പാക്കിയില്ല. അതുകൊണ്ട് തന്നെ ഈ മേഖലയിലെ ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ടിയിരുന്ന ആനുകൂല്യങ്ങള് നിഷേധിക്കപ്പെട്ടു.
5. വർഷങ്ങളായി അറ്റകുറ്റപണികള് നടത്താത്തതിനാല് ആയുർവേദ ഡിസ്പെൻസറി ശോചനീയമായ അവസ്ഥയിലാണ്. ഗ്രാമ പഞ്ചായത്തിന് കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസ് പ്രവൃത്തികള് സമയബന്ധിതമായി ചെയ്യേണ്ടതാണ്.
6. സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി ആനുകൂല്യം അധികം അനുവദിച്ചിട്ടുണ്ട്. ഖണ്ഡിക പ്രത്യേകം പരാമർശിച്ചിട്ടുണ്ട്.
7. തൻവർഷത്തില് ധാരാളം പർച്ചേയ്സുകള് നടത്തിയിട്ടുണ്ടെങ്കിലും പർച്ചേയ്സ് കമ്മിറ്റികളില് വിഷയ വിദ്ഗ്ദനെ ഉൾപ്പെടുത്തുന്നില്ല.
8. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യമായ ശ്രമം ഉണ്ടാവുന്നില്ല. പറവണ്ണ വേളാപുരം ബീച്ചിനടുത്തുള്ള പഞ്ചായത്തിന്റെ അധീനതയിലുള്ള വാടക കെട്ടിടം വർഷങ്ങളായി അറ്റകുറ്റ പണികള് നടത്താതെ കിടക്കുന്നതിനാല് വാടകയിനത്തിലുള്ള വരുമാനം നഷ്ടപ്പെട്ടിരിക്കുകയാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | നടത്തിയ തീയതി | | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2022 | 07/22 മുതല് 10/22 വരെ | 22.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.03.2015 | 2009-10 മുതല് 2013-14 വരെ | 26.06.2015 |

## 1-11 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ- മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ: അവലോകനം

ബഹു. ഡയറക്ടറുടെ നിർദ്ദേശം നമ്പര് ഡി.കെ.എസ്.എ 471/സി.എ.ആർ.3/24 പ്രകാരം "ശുചിത്വവും സുസ്ഥിരതയും......... സേവനത്തിലൂടെ" എന്ന വിഷയം സംബന്ധിച്ച് വെട്ടം ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മ സേനയുമായും മാലിന്യ സംസ്കരണവുമായും ബന്ധപ്പെട്ട പ്രവർത്തനങ്ങള് വിലയിരുത്തി പരിശോധനയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. സംസ്ഥാനത്തിന്റ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ചലനാത്മകത പകർന്ന് കൊണ്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ശുചിത്വ മാലിന്യ സംസ്കരണം, സുസ്ഥിര കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നിവ ഉൾക്കൊള്ളുന്ന ഹരിത കേരള മിഷന്, ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീ ശാക്തീകരണവും മുഖ മുദ്രയാക്കി പ്രവർത്തിക്കുന്ന കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊല്യൂഷൻ കൺട്രോള് ബോർഡ്, എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽസംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്. ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. മാലിന്യ സംസ്കരണ രംഗത്ത് കേരളത്തിന്റെ വ്യക്തിമുദ്ര പതിപ്പിക്കുന്ന ഹരിത കർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം. 2420/2017/ത.സ്വ.ഭ.വ. ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷന് - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങള് രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളില് ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങള് അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

**1) അടിസ്ഥാന വിവരങ്ങൾ**

| | | |
|---|---|---|
| 1) | പഞ്ചായത്തിലെ ആകെ ജനസംഖ്യ | 37456 |
| 2) | ആകെ വാർഡുകളുടെ എണ്ണം | 20 |

| | | |
|---|---|---|
| 3) | ഓരോ വാർഡിലെയും ആള് താമസമുള്ള വീടുകളുടെ എണ്ണം | 8935 |
| 4) | ഓരോ വാർഡിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | 467 |
| 5) | വാർഡിലെ ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം | 32 |

**2) <u>മാലിന്യശേഖരണ കാര്യക്ഷമത</u>**

എല്ലാ ഭവനങ്ങളേയും സ്ഥാപനങ്ങളേയും ഹരിത കർമ്മസേനക്കു കീഴില് ഉൾപ്പെടുത്താന് കുടുംബശ്രീ , അയൽക്കൂട്ടത്തലങ്ങളില് നിരവധി ബോധവൽക്കരണ ക്ലാസ്സ് നടത്തുകയും ആയത് വഴി എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഹരിത കർമ്മസേനക്കു കീഴില് ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മാലിന്യ ശേഖരണ കലണ്ടറിൽ ഷെഡ്യൂൾ ചെയ്തത് പ്രകാരം ഓരോ വീട്ടില് നിന്നും സ്ഥാപനങ്ങളില് നിന്നും മാസത്തില് ഒരു തവണ എന്ന രീതിയില് ഹരിത കർമ്മസേനാ അംഗങ്ങള് മാലിന്യം ശേഖരിച്ചു വരുന്നുണ്ട്. ജനങ്ങളുടെ സൗകര്യാർത്ഥം വാർഡ് അടിസ്ഥാനത്തിൽ വാട്സ് ആപ് ഗ്രൂപ്പുകള് രൂപീകരിക്കുകയും അതുവഴി ഓരോ മാസവും ശേഖരിക്കുന്ന മാലിന്യം സംബന്ധിച്ച് അറിയിപ്പ് നൽകുകയും ചെയ്യുന്നു.

**3) <u>മാലിന്യ വേർതിരിവ് പാലിക്കൽ</u>**

ഉറവിടത്തിൽ നിന്നു തന്നെ മാലിന്യം പൂർണ്ണമായും വേർതിരിക്കാന് ഹരിതകർമ്മസേനക്ക് കഴിയുന്നില്ല. ഒരു മാസം 2 ഷെഡ്യൂളുകളായിട്ടാണ് ഹരിത കർമ്മസേനയിലെ അംഗങ്ങള് മാലിന്യശേഖരണം നടത്തുന്നത്. ഹരിത കർമ്മസേനയിലെ പകുതി അംഗങ്ങള് മാലിന്യ ശേഖരണം നടത്തുമ്പോള് പകുതി അംഗങ്ങള് MCFൽ മാലിന്യം വേർതിരിക്കുന്നു. നിലവിൽ *എക്കോഗ്രീൻ* എന്ന സ്ഥാപനത്തിനാണ് റിജക്ട്ഡ് വേസ്റ്റും സെഗ്രിഗേറ്റഡ് വേസ്റ്റും നൽകുന്നത്. സമയബന്ധിതമായി മാലിന്യം നീക്കം ചെയ്ത് വരുന്നുണ്ട് എന്നാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചിട്ടുള്ളത്.

**4) <u>റീസൈക്ലിംഗ്</u>**

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാന് പ്രോത്സാഹിപ്പിക്കുന്നുണ്ട്. ലാൻഡ്ഫില്ലുകളില് (പാതയോരങ്ങളിലും പൊതു ഇടങ്ങളിലും വഴിയോരത്ത് സ്ഥാപിച്ചിട്ടുള്ള ബിന്നുകൾ, ജല സ്രോതസ്സുകള് എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന മിക്സഡ്/ലെഗസി മാലിന്യം) നിന്നും ലഭിക്കുന്ന മാലിന്യം MCF ൽ എത്തിച്ച് സെഗ്രിഗേറ്റ് ചെയ്ത് പ്രോസസ് ചെയ്യുന്നു. റീസൈക്ലിംഗ് പ്രോസസ് നടപ്പാക്കുന്നില്ല.

**5) <u>കമ്മ്യൂണിറ്റി എൻഗേജ്മെന്റ്</u>**

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി കുടുംബശ്രീ മുഖേനയും അയൽക്കൂട്ടതലത്തിലും മാലിന്യ സംസ്കരണ ക്യാമ്പയിന് നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിലായി 10 ല് പരം ബോധവത്കരണ ക്യാമ്പെയിനുകള് നടത്തിയിട്ടുണ്ട്.

**6) <u>തൊഴിൽ സൃഷ്ടിക്കൽ</u>**

ഹരിതകർമ്മസേനാംഗങ്ങൾക്കും വാഹനഡ്രൈവർക്കും പ്രത്യക്ഷമായും, റിജക്ടഡ് വേസ്റ്റ് പരിപാലിക്കുന്ന ഏജൻസിയിലെ ജീവനക്കാർക്ക് പരോക്ഷമായും തൊഴിൽ നൽകുന്നതിന് സാധിക്കുന്നു. ശരാശരി 12000-13000 രൂപ പ്രതിമാസം ഹരിതകർമ്മസേനാംഗങ്ങൾക്ക് ലഭ്യമാകുന്നുണ്ട്.

**7) <u>അടിസ്ഥാന സൗകര്യ വികസനം</u>**

ഗ്രാമപഞ്ചായത്തിൽ വാർഡ് 9 ല് തീണ്ടാപ്പടി എന്ന സ്ഥലത്തായി പഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിലാണ് MCF പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തിൽ മിനി MCF ഒരു വാർഡില് മാത്രമേയുള്ളൂ. മാലിന്യം സെഗ്രഗേറ്റ് ചെയ്യുന്നതിനായി കൺവേയര് ബെൽറ്റ് ഉണ്ട്. മാലിന്യം നീക്കം ചെയ്യുന്നതിന് സ്വന്തമായി വാഹനം ഉണ്ട്. ബ്ലോക്കിൽ നിന്നും MCF ലേക്ക് ബെയ്ലിങ് യൂണിറ്റും ഷ്രെഡിങ് യുണിറ്റും അനുവദിച്ചിട്ട് 1 വർഷമായെങ്കിലും നിലവില് അത് പ്രവർത്തിക്കുന്നില്ല. മെഷീനുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികള് സ്വീകരിച്ചു വരുന്നുണ്ടെന്ന് ബന്ധപ്പെട്ടവർ അറിയിച്ചിട്ടുണ്ട്. MCF ലുള്ള സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ്സ് എന്നിവ വാടകയ്ക്ക് നൽകുന്നതു വഴി വരുമാനം ലഭിക്കുന്നുണ്ട്.

**8) <u>പാരിസ്ഥിതിക ആഘാതം</u>**

മാലിന്യം പൊതുയിടങ്ങളിൽ കത്തിക്കുന്നതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതിയിൻമേല് സ്ഥലപരിശോധന നടത്തി പിഴ ഉൾപ്പടെയുള്ള നടപടി സ്വീകരിച്ചു വരികയാണെന്ന് അറിയിച്ചിട്ടുണ്ട്.

**9) <u>പരിശീലനവും വികസനവും</u>**

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തില് അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണല് വികസനവും ഉറപ്പാക്കാനും പരിശീലനങ്ങൾ നല്കി വരുന്നുണ്ട്.

**10) <u>നിയമങ്ങൾ പാലിക്കല്</u>**

മാലിന്യനിർമ്മാർജ്ജനം, ശുചീകരണം എന്നിവ സംബന്ധിച്ച നിയമങ്ങൾ ജനങ്ങളെ ബോധവല്കരിക്കുന്നതിന് ബോധവല്കരണ ക്ലാസുകളും സെമിനാറുകളും നടത്തുകയും നോട്ടീസുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

നിയമലംഘനം കണ്ടെത്തുന്നതിന് പരിശോധനകളും പിഴ ഉൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

**11) <u>ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം</u>**

വെട്ടം ഗ്രാമപഞ്ചായത്തിൽ 20 വാർഡുകളിലേയ്ക്ക് 32 ഹരിതകർമ്മസേനാംഗങ്ങളാണ് ഉള്ളത്. ഒരു വാർഡിലേക്ക് 2 അംഗങ്ങൾ എന്ന രീതിയില് 40 ഹരിതകർമ്മസേനാംഗങ്ങളാണ് വേണ്ടതെങ്കിലും 32 അംഗങ്ങള് മാത്രമേ നിലവില് ഉള്ളൂ. തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനായി റെയിൻകോട്ട്, ഗ്ലൗസ് എന്നിവ പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. എല്ലാ മാസവും റിവ്യൂ മീറ്റിംഗ് നടത്തി വരുന്നുണ്ട്.

**<u>മെറ്റീരിയൽ കളക്ഷന് ഫെസിലിറ്റി (MCF) റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)</u>**

**i) <u>അടിസ്ഥാന വിവരങ്ങൾ</u>**

| | | |
|---|---|---|
| 1) | MCF/RRF (സ്ഥിരം /താത്കാലികം) എണ്ണം | 1 MCF സ്ഥിരം<br>RRF ഇല്ല |
| 2) | ബെയ്ലിങ് /ഷ്രെഡിങ് യുണിറ്റുകൾ ഉണ്ടോ ? | ഉണ്ട്, നിലവിൽ പ്രവർത്തിക്കുന്നില്ല |
| 3) | അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം | MCF : വാർഡ് 9 |
| 4) | അവ പ്രയോജനപ്പെടുത്തുന്നുണ്ടോ ? | ഉണ്ട് |
| 5) | അവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ? (ട്രിപ്പിങ് ഏരിയ, സ്റ്റോറേജ് ഏരിയ, സോർട്ടിങ് ഏരിയ, മെഷിനറി ഏരിയ, ശുചിമുറി തുടങ്ങിയവ | ഉണ്ട്. 1800 Sq.Ft ൽ ഗ്രാമപഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിലാണ് MCF സ്ഥിതി ചെയ്യുന്നത്. |
| 6) | അവ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ വിവരങ്ങൾ | ആലിശ്ശേരി തീണ്ടാപ്പടി |
| 7) | അവയിലേക്ക് റോഡ് ഗതാഗത സൗകര്യം | ഉണ്ട് |

| | | |
|---|---|---|
| | ലഭ്യമാണോ ? | |
| 8) | അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നിലനിൽക്കുന്നണ്ടോ? | നിലവിൽ ഇല്ല |

**ii) <u>മാലിന്യ കൈമാറ്റ കാര്യക്ഷമത</u>**

രണ്ട് ഷെഡ്യൂളുകളായി ശേഖരിക്കുന്ന മാലിന്യം സമയബന്ധിതമായി തന്നെ വേർതിരിച്ചു എം.സി.എഫിൽ നിന്നും കയറ്റി അയക്കുന്നുണ്ട്.

**iii) <u>മാലിന്യ സംഭരണ ശേഷി</u>**

| | | |
|---|---|---|
| 1) | ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവ്. ജൈവം /അജൈവം | 300-350 KG അജൈവം |
| 2) | കൈകാര്യം ചെയ്യുന്ന മാലിന്യത്തിനനുസൃതമായി MCF/RRF കൾക്ക് ആവശ്യത്തിന് വിസ്തൃതിയുണ്ടോ | ഉണ്ട് |
| 3) | ആകെ വിസ്തൃതി<br>a) ടിപ്പിങ് ഏരിയ – തരം തിരിച്ചിട്ടില്ല<br>b) സ്റ്റോറേജ് ഏരിയ – തരം തിരിച്ചിട്ടില്ല<br>c) സോർട്ടിങ് ഏരിയ – തരം തിരിച്ചിട്ടില്ല<br>d) മെഷിനറി എരിയ – തരം തിരിച്ചിട്ടില്ല<br>e) അന്തിമ സംഭരണ ഏരിയ - തരം തിരിച്ചിട്ടില്ല | MCF - 1800ച.മീ |
| 4) | അജൈവ മാലിന്യം എത്ര | 15 ദിവസം |

| | | |
|---|---|---|
| | ദിവസത്തേക്ക് അന്തിമ സംഭരണ ഏരിയയിൽ സൂക്ഷിക്കാൻ കഴിയുന്നു. | |

**iv) <u>മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ</u>**

| | | |
|---|---|---|
| 1) | മാലിന്യം ഇനം തിരിക്കുന്നത് | ചെരുപ്പ്, ബാഗ്, ഇ-വേസ്റ്റ്, കാർഡ് ബോർഡ്, സി.എഫ്.എൽ, സ്ക്രാപ്പ്, മരുന്ന് സ്ട്രിപ്പ്, കുപ്പി ചില്ല് മുതലായവ |
| 2) | തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് MCF/RRF -ൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളും സുരക്ഷാ നടപടികളും പാലിക്കൽ | 1. Fire Extinguisher<br>2. Mask, Gloves |

**v) <u>ശുചിത്വമാനദണ്ഡങ്ങൾ</u>**
മാസ്ക്, ഗ്ലൗസ് എന്നിവ ഉപയോഗിക്കുന്നു.
**vi) <u>യഥാസമയം മാലിന്യം കൈമാറുന്നത് സംബന്ധിച്ച്</u>**
വാർഡുകളിൽ നിന്നും മാസം തോറും ഹരിതകർമ്മസേനാംഗങ്ങൾ അജൈവമാലിന്യം ശേഖരിക്കുന്നു. അവ വാഹനത്തിൽ MCFൽ എത്തിച്ചശേഷം സെഗ്രിഗേറ്റ് ചെയ്യുന്നു. റിജകട്ഡ് വേസ്റ്റും സെഗ്രിഗേറ്റഡ് വേസ്റ്റും നീക്കം ചെയ്യുന്നത് *എക്കോ ഗ്രീൻ* എന്ന കമ്പനിയാണ്.

**മറ്റു വിവരങ്ങൾ**

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരില് 40650101102688 എന്ന നമ്പരില് ഗ്രാമീണ ബാങ്ക് പരിയാപുരം ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയും ഫീസ് ഈടാക്കി വരുന്നു. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീത് ബുക്കുകൾ ഉപയോഗിക്കുന്നു.

| **ആകെ വരവ് (₹)** | | **ആകെ ചെലവ് (₹)** | |
|---|---|---|---|
| ഗ്യാപ്പ് ഫണ്ട് | - | ഹരിത കർമ്മസേന ശമ്പളം | 209175 |
| യൂസർഫീ | 262355 | പർച്ചേയ്സ് | 2100 |
| സ്ക്രാപ്പ് വിൽപ്പന | 28712 | ദിവസവേതനം | 525 |
| | | മറ്റ് ചെലവ് | 15750 |
| മറ്റു വരവ് | ഇല്ല | | |
| **ആകെ** | **292567** | **ആകെ** | **227550** |

2023-24 വർഷത്തില് ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി താഴെ കാണിച്ച തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

| **ക്രമ നം** | **പ്രോജക്ട്** | **ഫണ്ടിനം** | **അടങ്കൽ (₹)** | **ചെലവ് (₹)** | **റിമാർക്സ്** |
|---|---|---|---|---|---|
| 1 | ഹരിത കർമ്മസേന പ്രവർത്തനങ്ങൾ | തനത് ഫണ്ട് | 100,000 | 68358 | പദ്ധതി പൂർത്തീകരിച്ചു |

**ഓഡിറ്റ് നിർദ്ദേശങ്ങൾ:-**

1. മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാല് ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങള് കൂടുതല് മെച്ചപ്പെടുത്തുകയും, പൊതു ജനങ്ങളിൽ ആവശ്യമായ ബോധവല്കരണം നടത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്.

2. മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾക്ക് കർശനമായി പിഴ ഈടാക്കേണ്ടതാണ്.
3. വാർഡിന്റെ എണ്ണത്തിന്റെ അടിസ്ഥാനത്തില് ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം കൂട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. MCF ൽ സ്ഥാപിച്ചിട്ടുള്ള ബെയിലിംഗ്, ഷ്രഡിങ് മെഷീൻ പ്രവർത്തിപ്പിക്കുന്നതിനായുള്ള സംവിധാനങ്ങള് ഏർപ്പെടുത്തേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകത

വെട്ടം പഞ്ചായത്തിന്റെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതില് കണ്ട അപാകതകള് ചുവടെ കൊടുക്കുന്നു.

1. ലൈസൻസ് രജിസ്റ്റർ പ്രകാരം ചുവടെ കൊടുത്ത സ്വകാര്യ ക്ലിനിക്കുകൾ പഞ്ചായത്ത് പരിധിയില് പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | ലില്ലീസ് ഡെന്റൽ ക്ലിനിക് |
| 2 | ഇഖ്റ ദന്താശുപത്രി |
| 3 | ഡോ. അങ്കിൾ ഫാമിലി ക്ലിനിക് |
| 4 | പ്രോട്ടോസ് ഡെന്റൽ ക്ലിനിക് |
| 5 | ഇലാജ് ഹോമിയോപ്പതിക് ക്ലിനിക് |
| 6 | നീലിമ ഹോമിയോ ക്ലിനിക് |

| | |
|---|---|
| 7 | ഡോ. പ്രിയ പുനർജനി ആയുർകെയര് |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരനില് നിന്നും തൊഴില് നികുതി ഈടാക്കുന്നതിന് വകുപ്പ് 205 ഇ പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയതിന്റേയും വകുപ്പ് 205 എഫ് പ്രകാരം നികുതി തിട്ടപ്പെടുത്തി പഞ്ചായത്തില് ഒടുക്കാൻ ആവശ്യപ്പെടുകയും ആയത് അടവാക്കിയിട്ടുണ്ടെങ്കില് ആയതിന്റേയും വിവരം ലഭ്യമാക്കേണ്ടതാണ്.

2.സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പര് (സി എസ്) എ9-764/2019 സർക്കുലര്, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാര് ഉത്തരവ് എന്നിവ പ്രകാരം റേഷന് കടകളിലെ ജീവനക്കാരില് നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കാവുന്നതാണെങ്കിലും ആയത് ഈടാക്കിയിട്ടില്ല.

3. ലൈസൻസ് അപേക്ഷ പ്രകാരം ചുവടെ കൊുത്ത സ്ഥാപനങ്ങളില് നിന്ന് ജീവനക്കാർക്കുള്ള തൊഴില് നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 6126/26.08.23 | അൽ റിദ ഫ്രൈഡ് ചിക്കൻ | 4 |
| 2 | 9105/21.12.23 | പി.പി.എസ് സ്റ്റീൽ | 9 |
| 3 | 1404/22.02.24 | എ.ബി.സി സ്റ്റീൽ | 3 |
| 4 | 1197/11.0423 | സെൻട്രല് ട്രേഡ് ലിങ്ക്സ് | 3 |

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.32/25.07.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളില് നിന്നും വ്യക്തികളില് നിന്നും ക്രമ പ്രകാരമുള്ള തൊഴില് നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 കറന്റ് അക്കൗണ്ടിൽ പണം സൂക്ഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ ഇ പെയ്മെന്റിനു വേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയില് ആരംഭിച്ച കറന്റ് അക്കൗണ്ടിന്റെ (അക്കൗണ്ട് നമ്പർ- 67381962909) 2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(a), RP-40(b) എന്നിവ പരിശോധിച്ചതില് 01.04.23 ന് 99,63,069/- രൂപ മുൻബാക്കിയും 31.3.2024 ന് 35,48,861/- രൂപ നീക്കിയിരിപ്പും ഉണ്ട്.

കൂടാതെ ഐ.സി.ഐ.സി.ഐ. ബാങ്കിൽ യു.പി.ഐ. ആവശ്യത്തിനായി ഈ വർഷം ആരംഭിച്ച കറന്റ് അക്കൗണ്ടില് (അക്കൗണ്ട് നമ്പർ- 042607300000570) ൽ RP-40(b) പ്രകാരം 5,79,650/- രൂപയുടേയും നീക്കിയിരിപ്പുണ്ട്.

അക്കൗണ്ട് നിലനിർത്തുന്നതിന് വേണ്ട ഒരു നിശ്ചിത തുക നിലനിർത്തിയ ശേഷം ബാക്കി തുക പലിശ ലഭിക്കുന്ന എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നെങ്കില് പലിശ ഇനത്തില് ഗ്രാമപഞ്ചായത്തില് വരുമാനം ലഭിക്കുമായിരുന്നു എന്നിരിക്കെ കറന്റ് അക്കൗണ്ടില് തന്നെ വലിയ തുക നിക്ഷേപിച്ചതിന് കാരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം. 19/25.07.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ബാങ്കുകളില് ആവശ്യമായ തുക മാത്രം നിലനിർത്തി ബാക്കി തുക സേവിംഗ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി വിവരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ 1996 ലെ കേരള പഞ്ചായത്ത്രാജ് പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും ചട്ടം 3 പ്രകാരം പഞ്ചായത്ത് ഫണ്ട് സ്വകാര്യ ബാങ്കിൽ നിക്ഷേപിക്കാന് പാടുള്ളതല്ല. എന്നാൽ ഇവിടെ അപ്രകാരമാണ് ചെയ്തിട്ടുള്ളത്.

## 1-14-1 കട്ടിലുകൾ മുഴുവന് വിതരണം ചെയ്തില്ല- പ്രൊജക്ട് : 174/24

പ്രൊജക്ട് : 174/24 (വയോജനങ്ങൾക്ക് കട്ടില് S.O)

അടങ്കൽ: 800000/- (പൊതു വിഭാഗം സാധാരണവിഹിതം)

ചെലവ്: 23150552037100382516/01.08.23 തുക 800000/-

പർച്ചെയ്സ് ചെയ്ത സ്ഥാപനം: ആർട്ട്കോ പാലക്കാട്

**ഇൻവോയ്സ് വിശദാംശം**

| ഇൻവോയ്സ് | എണ്ണം | തുക/യൂണിറ്റ് | ജി.എസ്.ടി |
|---|---|---|---|

| നമ്പർ | | | അടക്കം ഒടുക്കിയ ആകെ തുക |
|---|---|---|---|
| PKD 320/24.02.23 | 100 | 3390 | 400000 |
| PKD 319/24.02.23 | 100 | 3390 | 400000 |

ഇൻവോയ്സ് പ്രകാരം 200 കട്ടിലുകള് പർച്ചെയ്സ് ചെയ്തതില് വിതരണ രജിസ്റ്റർ പ്രകാരം 192 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ.അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/25.07.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് വിതരണം ചെയ്യുന്നത് വരെ 8 കട്ടിലുകളുടെ തുക 32000/- രൂപ തടസ്സം ചെയ്യുന്നു.

## 1-14-2 കട്ടിലുകൾ മുഴുവന് വിതരണം ചെയ്തില്ല-പ്രൊജക്ട് : 173/24

പ്രൊജക്ട് : 173/24 (വനിതകൾ ഗൃഹനാഥകളായ വയോജനങ്ങൾക്ക് കട്ടില് S.O)

അടങ്കൽ: 275000/- (പൊതു വിഭാഗം സാധാരണവിഹിതം)

ചെലവ്: 273000/-

23150552037100746434/07.11.23 തുക 273000/-

പർച്ചെയ്സ് ചെയ്ത സ്ഥാപനം: ഒളിംപ്യ ഇന്റീരിയർ എന്റർ പ്രൈസസ്

**ഇൻവോയ്സ് വിശദാംശം**

| ഇൻവോയ്സ് നമ്പർ | എണ്ണം | തുക/യൂണിറ്റ് | ജി.എസ്.ടി. അടക്കം ഒടുക്കിയ ആകെ തുക |
|---|---|---|---|

| | | | |
|---|---|---|---|
| 01/007/02.08.23 | 84 | 3250 (ജി.എസ്.ടി. ഉൾപ്പെടെ) | 273000 |

ഇൻവോയ്സ് പ്രകാരം 84 കട്ടിലുകള് പർച്ചെയ്സ് ചെയ്തതില് വിതരണ രജിസ്റ്റർ പ്രകാരം 77 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/25.07.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് വിതരണം ചെയ്യുന്നത് വരെ 7 കട്ടിലുകളുടെ ചെലവ് തുക 22750/- രൂപ തടസ്സം ചെയ്യുന്നു.

## 1-14-3 കട്ടിലുകൾ മുഴുവന് വിതരണം ചെയ്തില്ല-പ്രൊജക്ട് : 57/24

പ്രൊജക്ട് : 57/24 (വനിത വയോജനങ്ങൾക്ക് കട്ടിൽ)

അടങ്കൽ: 300000/- (പൊതു വിഭാഗം സാധാരണവിഹിതം) 330/- (തനത് ഫണ്ട്)

ചെലവ്: 23150552037101531899/25.03.24 തുക 300000/- (പൊതു വിഭാഗം സാധാരണവിഹിതം)

പർച്ചെയ്സ് ചെയ്ത സ്ഥാപനം: കാഡ്കോ കോഴിക്കോട്

| ഇൻവോയ്സ് നമ്പർ | എണ്ണം | തുക/യൂണിറ്റ് | ജി.എസ്.ടി അടക്കം ഒടുക്കിയ ആകെ തുക |
|---|---|---|---|
| NRO/23-24/901/11.03.24 | 25 | 3346.60 | 98725 |
| NRO/23-24/906/11.03.24 | 25 | 3346.60 | 98725 |
| NRO/23-24/908/11.03.24 | 10 | 3346.60 | 39490 |
| NRO/23-24/909/11.03.24 | 16 | 3346.60 | 63184 (63060/- അടവാക്കിയിട്ടുള്ളൂ) |

ഇൻവോയ്സ് പ്രകാരം 76 കട്ടിലുകള് പർച്ചെയ്സ് ചെയ്തതില് വിതരണ രജിസ്റ്റര് പ്രകാരം 73 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/25.07.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് വിതരണം ചെയ്യുന്നത് വരെ 3 കട്ടിലുകളുടെ ചെലവ് തുക 11847/- രൂപ തടസ്സം ചെയ്യുന്നു.

## 1-14 കട്ടിലുകൾ മുഴുവനായും വിതരണം ചെയ്തില്ല

ഐ.സി.ഡി.എസ്. സൂപ്പർവൈസര് നിർവ്വഹണം നടത്തിയ ചുവടെ കൊടുത്ത പദ്ധതികള് പ്രകാരം കട്ടില് പർച്ചെയ്സ് ചെയ്തിട്ടുണ്ട്. എന്നാൽ ആയതുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററും പരിശോധിച്ചപ്പോള് പർച്ചെയ്സ് ചെയ്ത മുഴുവൻ കട്ടിലുകളും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടില്ല എന്ന് കണ്ടു. വിശദ വിവരം ചുവടെയുള്ള ഖണ്ഡികകളിൽ കൊടുക്കുന്നു.

## 1-15 ഉയർന്ന നിരക്കില് ക്വാട്ട് ചെയ്ത സ്ഥാപനത്തില് നിന്ന് പർച്ചെയ്സ് ചെയ്തു

1. പ്രൊജക്ട് : 59/24 (വയോജനങ്ങൾക്ക് കട്ടില് )

അടങ്കൽ: 400000/- (പൊതു വിഭാഗം സാധാരണവിഹിതം)

ചെവവ്: 398849/-

23150552037101531975/25.03.24 തുക 398849/-

ഇൻവോയ്സ് വിശദാംശം:

| ഇൻവോയ്സ് നമ്പർ | എണ്ണം | തുക/യൂണിറ്റ് | ജി.എസ്.ടി. അടക്കം ഒടുക്കിയ ആകെ തുക |
|---|---|---|---|

| | | | |
|---|---|---|---|
| NRO/23-24/903/11.03.24 | 25 | 3346.60 | 98725 |
| NRO/23-24/907/11.03.24 | 25 | 3346.60 | 98725 |
| NRO/23-24/902/11.03.24 | 25 | 3346.60 | 98725 |
| NRO/23-24/909/11.03.24 | 10 | 3346.60 | 39490 |
| NRO/23-24/905/11.03.24 | 16 | 3346.60 | 63184 |

2.പ്രൊജക്ട് : 57/24 (വനിത വയോജനങ്ങൾക്ക് കട്ടിൽ)

അടങ്കൽ: 300000/- (പൊതു വിഭാഗം സാധാരണവിഹിതം) 330/- (തനത് ഫണ്ട്)

ചെലവ്: 23150552037101531899/25.03.24 തുക 300000/- (പൊതു വിഭാഗം സാധാരണവിഹിതം)

പർച്ചെയ്സ് ചെയ്ത സ്ഥാപനം: കാഡ്കോ കോഴിക്കോട്

| ഇൻവോയ്സ് നമ്പർ | എണ്ണം | തുക/യൂണിറ്റ് | ജി.എസ്.ടി അടക്കം ഒടുക്കിയ ആകെ തുക |
|---|---|---|---|
| NRO/23-24/901/11.03.24 | 25 | 3346.60 | 98725 |
| NRO/23-24/906/11.03.24 | 25 | 3346.60 | 98725 |
| NRO/23-24/908/11.03.24 | 10 | 3346.60 | 39490 |

| | | | |
|---|---|---|---|
| NRO/23-24/909/11.03.24 | 16 | 3346.60 | 63184(63060/- അടവാക്കിയിട്ടുള്ളൂ) |

ഐ.സി.ഡി.എസ് സൂപ്പർവൈസര് നിർവ്വഹണം നടത്തിയ മേല് പദ്ധതികളിലേക്ക് അക്രഡിറ്റഡ് എജൻസികള് നൽകിയ ബിഡ്ഡിംഗ് പ്രകാരമാണ് കട്ടിലുകള് പർച്ചെയ്സ് ചെയ്തിട്ടുള്ളത്. ആയതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | കട്ടിലിന്റെ സ്പെസിഫിക്കേഷൻ | നിരക്ക്/യൂണിറ്റ് |
|---|---|---|---|
| 1 | കേരള സിഡ്കോ, കൊച്ചി | വൂഡൻ കോട്ട് (മഹാഗണി)<br><br>198x90x60 | 3945 |
| 2 | ആർട്കോ, പാലക്കാട് | HW cot 198x90x60 | 3890 |
| 3 | ആർട്കോ, കോഴിക്കോട് | HW cot 198x90x60 | 3930 |
| 4 | കാഡ്കോ, കോഴിക്കോട് | HW cot 198x90x60 | 3949 |

ബിഡ്ഡിംഗിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് ആർട്കോ, പാലക്കാട് എന്ന സ്ഥാപനമാണ്. എന്നാൽ അതേ സ്പെസിഫിക്കേഷനോട് കൂടിയ ഏറ്റവു കൂടിയ നിരക്ക് ക്വാട്ട് ചെയ്ത കാഡ്കോ, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നാണ് കട്ടിലുകൾ പർച്ചെയ്സ് ചെയ്തിട്ടുള്ളത്. 27.01.2024 ന് കൂടിയ പർച്ചെയ്സ് കമ്മിറ്റി ഗുണ മേന്മ കൂടുതലുള്ളത് കൊണ്ടാണ് ടി കട്ടിൽ സെലക്ട് ചെയ്തത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗുണമേൽമ പരിശോധിക്കേണ്ട വിഷയ വിദഗ്ദൻ പർച്ചേസ് കമ്മിറ്റിയില് ഉൾപ്പെട്ടു കാണുന്നില്ല. കൂടാതെ ബിഡ്ഡിംഗ് രേഖകൾ പ്രകാരം മുഴുവന് കട്ടിലുകളും ഒരേ സ്പെസിഫിക്ക്ഷനോട് കൂടിയതാണ്. (കേരള സിഡ്കോ, കൊച്ചിയുടെ കട്ടിൽ മഹാഗണി കൊണ്ട് നിർമ്മിച്ചതാണ്). ഒരു സ്ഥാപനവും ഗ്യാരണ്ടി പിരീഡ് രേഖപ്പെടുത്തിയിട്ടില്ല.എന്നിരിക്കെ കാഡ്കോ,കോഴിക്കോടിൽ നിന്നും കട്ടിലുകള് പർച്ചെയ്സ് ചെയ്തതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/25.07.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പർച്ചെയ്സ് ചെയ്യുമ്പോള് ഇത്തരം അപാകതകള്

ആവർത്തിക്കാതിരിക്കാന് ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ക്വട്ടേഷൻ കൂടാതെ പർച്ചേയ്സ് ചെയ്തു

പ്രൊജക്ട് : 118/24 (ഭിന്നശേഷി വിദ്യാർത്ഥികൾക്ക് കലാ കായിക മത്സരം)

അടങ്കൽ: 75000/- (പൊതു വിഭാഗം സാധാരണവിഹിതം)

ചെവവ്: 68800/-

നിർവ്വഹണ ഉദ്യോഗസ്ഥ: ഐ.സി.ഡി.എസ്. സൂപ്പർവൈസര്

23150552037101100404/01.08.23 തുക 46500/-

23150552037101465537/24.03.24 തുക 10800/-

23150552037101508946/25.03.24 തുക 11500/-

മേൽ ചെലവുകള് പ്രകാരം ഹോട്ടല് ബ്രീസ് പരിയാപുരം എന്ന സ്ഥാപനത്തിന് 46500/- രൂപയും (ഇൻവോയ്സ് 12/15.01.24: 33000/-, 11/16.01.24:13500/-) ട്രോഫി പർച്ചെയ്സിനായി സിമ്പൽസ്, തിരൂർ എന്ന സ്ഥാപനത്തിന് 10800/- രൂപയും (ഇൻവോയ്സ്:762/15.01.24 :5400/-,763/15.01.24:5400) രൂപയും സ്റ്റൈലോ ലൈറ്റ് & പന്തൽ വർക്സ് കോട്ടേക്കാട് എന്ന സ്ഥാപനത്തിന് 11500/- രൂപയും (ഇൻവോയ്സ്: 769/17.01.24) രൂപയും അനുവദിച്ചിട്ടുണ്ട്. പ്രൊക്യൂർമെന്റ് മാർഗരേഖ ജി.ഒ.(പി)നം. 259/2010 ത.സ്വ.ഭ.വ. തിയ്യതി 03.11.2010 പ്രകാരം 5000/- രൂപയുടെ മുകളിലുള്ള പർച്ചെയ്സിന് ക്വട്ടേഷന് വിളിക്കേണ്ടതുണ്ട്. എന്നാൽ മേല് പർച്ചെയ്സുകൾക്കൊന്നും ക്വട്ടേഷന് വിളിച്ചിട്ടില്ല. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 21/25.07.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പർച്ചെയ്സുകള് ചെയ്യുമ്പോള് പ്രൊക്യൂർമെന്റ് മാർഗരേഖ പ്രകാരം പർച്ചെയ്സ് ചെയ്യാന് ശ്രദ്ധിക്കേണ്ടതാണ്.

## 1-17 സബ്സെന്ററിലേക്ക് ടെസ്റ്റ് ഉപകരണം വാങ്ങിയതിൽ അപാകത

പ്രൊജക്ട്: 204/24 (ലാബിലേക്ക് ഉപകരണങ്ങളും ദൈനം ദിന ചെലവുകളും കണ്ടെത്തല്)

അടങ്കൽ: 1148000/- (കേന്ദ്രാവിഷ്കൃത ഫണ്ട്)

ചെലവ്: 513447/-

1. മെഡിക്കൽ ഓഫീസര് (പി.എച്ച്.സി.) നിർവ്വഹണം നടത്തിയ മേല് പദ്ധതി പ്രകാരം 5 സെൻട്രിഫ്യൂജ്, 8 ട്യൂബ് റാഡിക്സും ഒരു സെൻട്രിഫ്യൂജ് 12x15 ml റോട്ടെകും വാങ്ങുന്നതിനായി ഇൻവോയ്സ് നമ്പർ CR 300/16.11.2023 പ്രകാരം 56400 രൂപ (വൗച്ചർ നമ്പർ: 22300805/30.11.23 തുക 56400/-) കൊച്ചിൻ സർജിക്കൽസ് എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. 14.11.2023 ന് ലാബ് ടെക്നീഷ്യന് മെഡിക്കൽഓഫീസർക്ക് അയച്ച കത്തില് ആവശ്യപ്പെട്ടത് 2 സെൻട്രിഫ്യൂജ് ട്യൂബ് മാത്രമാണ്. അവശേഷിക്കുന്ന 4 എണ്ണം സബ്സെന്ററുകൾക്കായി പർച്ചെയ്സ് ചെയതതാണ് എന്നാണ് നിർവ്വഹണോദ്യോഗസ്ഥനില് നിന്ന് അറിയാന് കഴിഞ്ഞത്. സബ് സെന്റർ ഫങ്ഷനായുള്ള സ.ഉ. (ആർടി) നം. 131-2023/07.06.23/എച്ച്&എഫ്.ഡബ്ല്യൂ.ഡി. നമ്പർ ഉത്തരവ് ധനകാര്യ കമ്മീഷന് പ്രകാരം 9 ടെസ്റ്റുകൾ ആണ് 15-ാം സ്കീം (3) സബ്സെന്ററുകളിൽ നടത്താവുന്നത്. മേൽ പർച്ചെയ്സ് നടത്തിയത് വിശദീകരിക്കേണ്ടതാണ്.

2. പ്രൊഫോമ ഇൻവോയ്സ് 207/08.02.24 പ്രകാരം ലാബ് റിയേജന്റ് വാങ്ങുന്നതിന് കെ.എം.എസ്.സി.എല്ലിന് 370005/- രൂപ (വൗച്ചർ നമ്പർ: 22301184/16.03.24 തുക 370005/-) അനുവദിച്ചിട്ടുണ്ട്.എന്നാൽ ആയത് ഇതു വരെ ലഭ്യമായിട്ടില്ല.ആയത് ലഭ്യമാക്കാൻ സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.22/26.07.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നമ്പർ 1 പ്രകാരമുള്ള സെൻട്രിഫ്യൂജ് ട്യൂബുകളുടെ ഉപയോഗം വിശദീകരിക്കേണ്ടതും ക്രമ നമ്പർ 2 പ്രകാരമുള്ള ലാബ് റിയേജന്റ് ലഭ്യമാകുന്ന മുറക്ക് വിവരം ലഭ്യമാക്കേണ്ടതാണ്.

## **1-18 ക്വട്ടേഷൻ കൂടാതെ പർച്ചെയ്സ് ചെയ്തു**

മെഡിക്കൽ ഓഫീസര് നിർവ്വഹണം നടത്തിയ ചുവടെ കൊടുത്ത പദ്ധതിക്കായി സുധ പ്രന്റേഴ്സ് എന്ന സ്ഥാപനത്തിന് നോട്ടീസ് പ്രിന്റ് ചെയ്യാനായിചുവടെ കൊടുക്കും പ്രകാരം പണം അനുവദിച്ചിട്ടുണ്ട്.

1.പ്രൊജക്ട് : 204/24 (ലാബിലേക്ക് ഉപകരണങ്ങളും ദൈനം ദിന ചെലവുകളും

കണ്ടെത്തൽ)

അടങ്കൽ: 1148000/- (കേന്ദ്രാവിഷ്കൃത ഫണ്ട്)

513447/-

വൗച്ചർ നമ്പര് : 22301218/20.03.24 6500/-

ഇൻവോയ്സ് : 813/13.03.24 6500/-

പ്രൊക്യൂർമെന്റ് മാർഗരേഖ ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ. തിയ്യതി 03.11.2010 പ്രകാരം 5000/- രൂപയുടെ മുകളിലുള്ള പർച്ചെയ്സിന് ക്വട്ടേഷന് വിളിക്കേണ്ടതുണ്ട്. എന്നാൽ മേല് പർച്ചെയ്സില് ക്വട്ടേഷന് വിളിച്ചിട്ടില്ല. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 24/25.07.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ പർച്ചെയ്സുകള് ചെയ്യുമ്പോള് പ്രൊക്യൂർമെന്റ് മാർഗരേഖ പ്രകാരം പർച്ചെയ്സ് ചെയ്യാന് ശ്രദ്ധിക്കേണ്ടതാണ്.

## 1-19 മരുന്നുകൾ ലഭ്യമാക്കാന് അവശേഷിക്കുന്നു

പ്രൊജക്ട് : 51/24 (ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ)

അടങ്കൽ: 500000/- (മെയ്ന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ്: 23150552036800826735/22.11.23 തുക 500000/-

മെഡിക്കൽ ഓഫീസര് (ആയുർവ്വേദ) നിർവ്വഹണം നടത്തിയ മേല് പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപറേറ്റീവ് ഫാർമസിക്ക് മരുന്ന് വാങ്ങുന്നതിനായി 500000/- (PF-83/01/07/23) രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ 54114/- (ഇൻവോയ്സ് നം. LF 306/03.06.24) രൂപയുടെ മരുന്നുകള് മാത്രമാണ് ലഭ്യമായത്. 445886/- രൂപയുടെ മരുന്നുകൾ ലഭ്യമാകാന് അവശേഷിക്കുന്നു. ആയത് ലഭ്യമാകാൻ സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കാന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 30/26.07.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് വിവരം

ലഭ്യമാക്കേണ്ടതാണ്.

## 1-20 തെരുവ് വിളക്ക് റിപ്പയർ- അപാകതകള്

സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് റിപ്പയര് എന്ന പദ്ധതിക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് പേരും നമ്പറും | നിർവഹണ ഏജൻസി | അടങ്കൽ | ചെലവ് തുക | ബിൽനമ്പര് |
|---|---|---|---|---|
| തെരുവ് വിളക്ക് സ്ഥാപിക്കൽ(5/2023-24) | Amass power contractors | 4,00,000 | 198360 (വികസനഫണ്ട്) | 99180 രൂപ, 23150552006801143486/ 31.1.2024 |
| | | | | 99180 രൂപ, 23150552006801143480/ 31.1.2024 |

പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകള് പരിശോധിച്ചതില് ഈ പദ്ധതിയുടെ നടത്തിപ്പില് താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) പദ്ധതി പ്രകാരം മാറ്റി സ്ഥാപിച്ച തെരുവു വിളക്കുകളുടെ വിവരം കൃത്യമായി Maintenance രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2) 3055/ഡി.എ 3/2011 തിയ്യതി 15.09.2011 സർക്കുലര് പ്രകാരം കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വിവരശേഖരണം നടത്തേണ്ടതാണ് എന്ന് നിർദ്ദേശമുണ്ട്. പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് ഗ്രാമ പഞ്ചായത്തില് നിലവില് പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതവുമായ തെരുവ് വിളക്കുകളുടെ വിവരം (കെ എസ് ഇ ബി പോസ്റ്റിന്റെ ലൊക്കേഷൻ, നമ്പര്, വാട്സ്, വാർഡ് നമ്പര്, വിളക്കിന്റെ തരം തുടങ്ങി വിവരങ്ങൾ ഉൾപ്പെടെ) ശേഖരിക്കേണ്ടതുണ്ട്. ആയത് പാലിച്ചിട്ടില്ല.

3) പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് നം. ജി2-44274/2015 തി. 17.08.15 പ്രകാരം, കേടായ സാധനങ്ങൾ അതാത്

ദിവസം തന്നെ തിരികെ കൊണ്ടുവന്ന് Register of Unserviceable Items ൽ ചേർക്കണം. Register of Unserviceable Items ഓഡിറ്റിന് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4) വാർഡ് മെമ്പർമാര് നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ മെമ്പർമാര് നൽകിയ സാക്ഷ്യപത്രത്തില് പോസ്റ്റ് നമ്പര് ഉൾപ്പെടെയുള്ള വിവരങ്ങള് രേഖപ്പെടുത്തിയിട്ടില്ല.

5) വാർഡ് 17, വാർഡ് 19 എന്നീ വാർഡുകളിലെ മെമ്പർമാരുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/25.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകള് പരിഹരിക്കേണ്ടതും ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-21 വാഹന പരിപാലനം - VEELS വെബ്സൈറ്റിൽ ചെലവ് വിവരങ്ങള് അപ്ലോഡ് ചെയ്യുന്നില്ല.

ധനകാര്യ (ഐ.ടി., സോഫ്റ്റ്വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പര് സർക്കുലര് പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാര് വകുപ്പുകള്, സ്ഥാപനങ്ങള്, പൊതുമേഖലാ സ്ഥാപനങ്ങള്, ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാര് സ്വയംഭരണ സ്ഥാപനങ്ങള് എന്നിവിടങ്ങളില് ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തില് ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാര് എന്നിവ സംബന്ധിച്ച വിവരങ്ങള് “Vehicle Management and Location Tracking System (VEELS)” എന്ന വെബ്സൈറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുതല് വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്. പഞ്ചായത്തിന്റെ വാഹനത്തിന്റെ വിവരങ്ങൾ VEELS ൽ രജിസ്റ്റര് ചെയ്തിട്ടുണ്ടെങ്കിലും ചെലവു വിവരങ്ങള് VEELS ൽ അതാതു സമയം രേഖപ്പെടുത്തുന്നില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/25.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു വിവരങ്ങൾ അതാതു സമയം VEELS ൽ രേഖപ്പെടുത്തി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 ലൈബ്രറി സെസ്സ് യഥാസമയം അടവാക്കിയില്ല.

ഓരോ അർദ്ധ വർഷവും പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് തുക അർദ്ധവർഷം കഴിഞ്ഞ് 30 ദിവസത്തിനകം അടയ്ക്കേണ്ടതാണെന്ന് സർക്കുലര് നമ്പര് 17263/എൽ3/99/ത.സ്വ.ഭ.വ. തീ. 29.12.2000 പ്രകാരം നിർദ്ദേശം ഉള്ളതാണ്. ഈടാക്കിയ ലൈബ്രറി സെസ്സ് കൃത്യസമയത്ത് അടവാക്കിയിട്ടില്ലെങ്കില് 2% പിഴപ്പലിശ സെക്രട്ടറിയുടെ ബാധ്യതയായി വരുന്നതാണ്. എന്നാൽ 2022-23 രണ്ട്, 2023-24 ഒന്ന് എന്നീ അർദ്ധ വർഷങ്ങളിലെ ലൈബ്രറി സെസ്സ് തുക അടവാക്കിയതിൽ മേല് സർക്കുലറിലെ വ്യവസ്ഥ പാലിച്ചിട്ടില്ല. തുക അടവാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| **പിരിച്ചെടുത്ത തുക (₹)** | **അടവാക്കേണ്ട തിയ്യതി** | **അടവാക്കിയ തിയ്യതി (വൗച്ചർ)** |
|---|---|---|
| 155497 | 30.04.2023 | 22300431/19.08.23 |
| 33888 | 31.10.2023 | 22300851/11.12.2023 |

അപാകതക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/25.07.2024) നൽകിയ മറുപടിയില് സമയ പരിധി പാലിച്ചു തന്നെ ലൈബ്രറി സെസ്സ് അടവാക്കാന് ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചു. സർക്കാര് നിർദ്ദേശം പാലിക്കാന് ശ്രദ്ധിക്കേണ്ടതാണ്.

## 1-23 അക്കൗണ്ട് നമ്പർ മാറി ബില് നൽകിയത് സംബന്ധിച്ച്

നിർവ്വഹണം: കൃഷി ഓഫീസർ

പദ്ധതി പേര്, നമ്പർ : സ്ഥിരം കൃഷി- നെല്ല്, (39/2023-24), അടങ്കൽ: 772800

ബിൽ നമ്പർ/തിയ്യതി: 23150552045001518974, 24.3.2024 (436192)

23150552045001059263, 11.1.2024 (235808)

മേൽ സൂചിപ്പിച്ച പദ്ധതിയുടെ ഭാഗമായി നെൽകൃഷിക്ക് സഹായം നൽകുന്നതിന് 772800 രൂപ ചെലവഴിച്ചിട്ടുണ്ട്. ഹെക്ടറിന് 21000 രൂപ എന്ന നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്. ഇതിൽ ഹസീന കോയകുഞ്ഞിയകത്ത് തെക്കെ ഒറ്റയിൽ എന്ന ഗുണഭോക്താവിന് തുക അനുവദിച്ചത് അപേക്ഷയില് നൽകിയ അക്കൗണ്ട് നമ്പറിലേക്കല്ല. അപേക്ഷയിൽ നൽകിയതും പകർപ്പ് ഹാജരാക്കിയതും 55090201001 8627 എന്ന അക്കൗണ്ട് നമ്പര് ആണ്. എന്നാൽ

14738 രൂപ അനുവദിച്ചത് 5509057213397 എന്ന അക്കൗണ്ട് നമ്പറിലേക്കാണ്. അപാകതക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് കൃഷി ഓഫീസർക്ക് നൽകിയ 3/23.07.2024 നമ്പര് ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയില് പ്രസ്തുത അക്കൗണ്ട് നമ്പർ തെറ്റായതിനാല് തുക ക്രെഡിറ്റ് ആയില്ല എന്നും പിന്നീട് ശരിയായ അക്കൗണ്ട് നമ്പറിലേക്ക് തുക നൽകിയിട്ടുണ്ട് എന്നും അറിയിച്ചു. എന്നാൽ ആയതിന്റെ രേഖകളൊന്നും ഫയലില് സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്ന ഇത്തരം പദ്ധതികളില് അക്കൗണ്ട് നമ്പര് പീന്നീട് തിരുത്തി നൽകുന്ന അവസരത്തിൽ ബന്ധപ്പെട്ട രേഖകള് ഉൾപ്പെടുത്തിയ ഫയല് തന്നെ ഓഡിറ്റിന് ഹാജരാക്കാന് ശ്രദ്ധിക്കേണ്ടതാണ്.

## 1-24 സർക്കാര് ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നു ഫർണ്ണീച്ചര് വാങ്ങി

പ്രൊജക്ടിന്റെ പേര്– മത്സ്യതൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചര് (24/24)

അടങ്കൽ- 500000 (വികസന ഫണ്ട്- ജനറൽ)

ചെലവ്-497960

BRN – 23150552045201537071/25.03.2024 -497960

2023-24 വർഷത്തില് ഫിഷറീസ് എക്സ്റ്റൻഷന് ഓഫീസര് നിർവഹിച്ച മേല് പദ്ധതി വഴി വാങ്ങിയ താഴെ കൊടുത്തിരിക്കുന്ന സാധനങ്ങൾ ARTCO, SIDCO എന്നിവയിൽ നിന്നും ബിഡുകള് ക്ഷണിച്ച് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ARTCO യിൽ നിന്ന് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. വിശദ വിവരം താഴെ കൊടുക്കുന്നു

ഇൻവോയിസ് നം. MPM 549/21.03.2024- 497960

| **ഇനം** | **എണ്ണം**<br><br>**യൂണിറ്റ് വില (₹)** | നികുതിയുൾപ്പടെയുള്ള ആകെ വില |
|---|---|---|
| Hardwood Armless chair | 100<br><br>@1090 | 128620 |

| | | |
|---|---|---|
| Hardwood study table 90*60*75 cm | 100<br>@3130 | 369340 |
| ആകെ | | 497960 |

കേരള സ്റ്റോർ പർച്ചേസ് മാന്വല് ഖ 9.23 പ്രകാരം 5 വർഷത്തില് കൂടുതല് പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളില് നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങള് വാങ്ങണമെങ്കില് ടെണ്ടര് നടപടികള് പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളില് നിന്ന് ടെണ്ടര് കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളില് സർക്കാര് പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങള് പാലിച്ച് മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങള് വാങ്ങാനാവൂ.

2023-24 സാമ്പത്തിക വർഷ കാലയളവില് ARTCO യിൽ നിന്ന് ടെണ്ടര് കൂടാതെ വാങ്ങാവുന്ന സാധനങ്ങള്, വില എന്നിവ വ്യക്തമാക്കി GO(Rt) 20/2023/SPD Dt 24.02.2023 എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ ഉത്തരവിലെ ഖണ്ഡിക 4 പ്രകാരം "മേൽ പരാമർശിക്കപ്പെട്ട ഉത്തരവില് ഉൾപ്പെടുത്താത്ത സാധനങ്ങള് വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ/ക്വട്ടേഷൻ നടപടികള് പാലിക്കണം" എന്നും വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പട്ടികയില് ചേർത്തിരിക്കുന്ന സാധനങ്ങള് ARTCO യിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് അനുമതിയുള്ളവയല്ല എന്ന് കാണുന്നു. ടെണ്ടർ കൂടാതെ വാങ്ങാന് അനുമതിയില്ലാത്ത സാധനങ്ങള് മതിയായ ടെണ്ടര് നടപടി പാലിക്കാതെ വാങ്ങിയതിന് കാരണം വ്യക്തമാക്കേണ്ടതും അക്രഡിറ്റഡ് ഏജൻസികളില് നിന്നും മാത്രം ബിഡുകള് ക്ഷണിച്ച് പർച്ചേസ് നടത്തിയതിന് ആധാരമാക്കിയ സർക്കാര് ഉത്തരവും ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/26.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. വാങ്ങൽ നടപടികളില് സർക്കാര് ഉത്തരവുകള് കർശനമായി പാലിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു. സർക്കാര് മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി നടത്തിയ വാങ്ങൽ നടപടികൾക്ക് സർക്കാര് സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാക്കുന്നത് വരെ 497960/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-25 മേശയും കസേരയും മുഴുവൻ വിതരണം ചെയ്തിട്ടില്ല

പ്രൊജക്ടിന്റെ പേര്– മത്സ്യതൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചര് (25/24)

അടങ്കൽ- 500000 (വികസന ഫണ്ട്- ജനറൽ)

ചെലവ്- 497960

BRN – 23150552045201537071/25.03.2024 – 497960

2023-24 വർഷത്തില് ഫിഷറീസ് എക്സ്റ്റൻഷന് ഓഫീസര് നിർവഹിച്ച മേല് പദ്ധതി പ്രകാരം മത്സ്യതൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം ചെയ്യുന്നതിനായി ആർട്കോയില് നിന്നും 100 വീതം മേശയും കസേരയും (ഇൻവോയിസ് നം. MPM549/21.03.2024 - 497960) വാങ്ങിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ഇനം | എണ്ണം<br><br>യൂണിറ്റ് വില (₹) | നികുതിയുൾപ്പടെയുള്ള ആകെ വില |
|---|---|---|
| Hardwood Armless chair | 100<br><br>@1090 | 128620 |
| Hardwood study table 90*60*75 cm | 100<br><br>@3130 | 369340 |
| ആകെ | | 497960 |

എന്നാൽ വിതരണ രജിസ്റ്റര് പരിശോധിച്ചതില് 87 വീതം മേശയും കസേരയും മാത്രമേ വിതരണം ചെയ്തതായി കാണുന്നുള്ളൂ. അവശേഷിക്കുന്ന 13 മേശയും കസേരയും വിതരണം ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കാനായി ഓഡിറ്റ് എൻക്വയറിക്ക് (നം. 28/26.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന 13 മേശയും കസേരയും വിതരണം ചെയ്ത് അറിയിക്കുന്നതു വരെ 13 മേശയുടേയും കസേരയുടേയും വില 64734/- രൂപ ഓഡിറ്റിൽ തടസ്സം

ചെയ്യുന്നു

## 1-26 ലാപ് ടോപ്പ് മുഴുവൻ വിതരണം ചെയ്തിട്ടില്ല

പ്രൊജക്ടിന്റെ പേര്- മത്സ്യതൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികള്ക്ക് ലാപ് ടോപ്പ് (27/24)

അടങ്കൽ- 525000 (വികസന ഫണ്ട്- ജനറൽ)

ചെലവ്- 484562

BRN – 23150552045201537128/25.03.2024– 484562

2023-24 വർഷത്തില് ഫിഷറീസ് എക്സ്റ്റൻഷന് ഓഫീസര് നിർവഹിച്ച മേല് പദ്ധതി പ്രകാരം രജിസ്റ്റേർഡ് മത്സ്യതൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിനായി കെൽട്രോണില് നിന്നും 13 ലാപ്ടോപ്പുകള് (ഇൻവോയിസ് നം 01659/ITP/24-25/14.06.2024- 484562) വാങ്ങിയിട്ടുണ്ട്. എന്നാൽ വിതരണ രജിസ്റ്റർ പരിശോധിച്ചതില് 12 ലാപ്ടോപ്പ് മാത്രമേ വിതരണം ചെയ്തതായി കാണുന്നുള്ളൂ. അവശേഷിക്കുന്ന ഒരു ലാപ്ടോപ്പ് വിതരണം ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കാനായി ഓഡിറ്റ് എൻക്വയറി (നം. 27/26.07.2024) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. യഥാസമയം വിതരണം ചെയ്യാത്തതിനാൽ ലാപ്ടോപ്പിന്റെ വാറണ്ടി കാലയളവ് കഴിയുന്നതും വിദ്യാർത്ഥിക്ക് തന്റെ പഠനകാലയളവില് ലോപ്ടോപ് ഉപയോഗപ്രദമാക്കാന് സാധിക്കാത്ത സാഹചര്യവും ഉണ്ടാകുന്നു. ആയതിനാൽ ലോപ്ടോപ് എത്രയും പെട്ടന്ന് വിതരണം ചെയ്ത് അറിയിക്കേണ്ടതാണ്. ലാപ്ടോപ് വിതരണം ചെയ്ത് അറിയിക്കുന്നതു വരെ 1 ലാപ്ടോപിന്റെ വില 37274/- രൂപ തടസ്സം ചെയ്യുന്നു.

## 1-27 ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കള് ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ല

സ.ഉ (കൈ) നം. 34/2018/ത.സ്വ.ഭ.വ. തീയതി 16-03-2018 പ്രകാരം ലൈഫ് ഭവന പദ്ധതിക്ക് ആനുകൂല്യം ലഭിക്കുന്ന ഗുണഭോക്താക്കൾ ഒന്നാം ഗഡു വിതരണം ചെയ്ത തീയതി മുതല് 6 മാസത്തിനകം പണി പൂർത്തീകരിക്കണം. ഭവന നിർമ്മാണത്തിന് ഒരു ഗുണഭോക്താവിന് 4 ഗഡുക്കളായി പരമാവധി 4,00,000/- രൂപയാണ് ആനുകൂല്യം അനുവദിക്കുന്നത്.

മുൻ വർഷങ്ങളില് വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ ലൈഫ് ഭവന പദ്ധതി പ്രകാരം ധനസഹായം അനുവദിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ല. നിർമാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങള് താഴെ കൊടുക്കുന്നു.

**I. ലൈഫ് പദ്ധതി - ജനറൽ**

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്, വിലാസം | നാളിതുവരെ കൈപ്പറ്റിയ തുക | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | കൗസല്യ<br>വെളുത്തേടുത്ത് | 320000 | 28.02.2023 |
| 2 | മൈമുന<br>ഉള്ളൂർ ഹൗസ് | 260000 | 30.03.2023 |
| 3 | ജുമൈലത്ത്<br>പള്ളിപ്പറമ്പിൽ | 240000 | 30.03.2023 |
| 4 | ശോഭന<br>മരക്കാരുകണ്ടി | 240000 | 30.03.2023 |

**II.ലൈഫ് പദ്ധതി - ഫിഷറീസ്**

| | | | |
|---|---|---|---|
| 1 | നാദിഷ<br>തിത്തീരത്തിന്റെ പുരക്കൽ | 360000 | 15.02.2023 |

| | | | |
|---|---|---|---|
| 2 | സുലൈഖ<br><br>മരക്കാരുകണ്ടി | 280000 | 21.02.2023 |
| 3 | ഫാത്തിമ<br><br>പട്ടത്ത് ഹൗസ് | 360000 | 07.03.2023 |
| 4 | മുംതാസ്<br><br>ഏനിന്റെ പുരക്കൽ | 200000 | 09.11.2022 |
| 5 | അസിദ<br><br>ചെറുപുരക്കൽ | 80000 | 02.03.2022 |
| 6 | സഫൂറ<br><br>കുറിയന്റെ പുരക്കൽ | 300000 | 20.06.2022 |

**III.ലൈഫ് പദ്ധതി - എസ് സി**

| | | | |
|---|---|---|---|
| 1 | സബിത<br><br>പണ്ടാരക്കളം ഹൗസ് | 200000 | 20.07.2022 |
| 2 | പ്രവിത<br><br>പനേനി ഹൗസ് | 260000 | 10.03.2023 |
| 3 | ശ്രീജ<br><br>പണ്ടാരക്കളം ഹൗസ് | 180000 | 30.03.2023 |
| 4 | ജിനി | 280000 | 15.02.2023 |

| | | | |
|---|---|---|---|
| | തിരുത്തിപറമ്പിൽ | | |
| 5 | സജിത<br><br>പള്ളിപ്പറമ്പിൽ | 180000 | 15.02.2023 |
| 6 | തങ്ക<br><br>എടമണ്ണപറമ്പിൽ | 300000 | 15.02.2023 |
| 7 | ജയൻ<br><br>കാപ്പാട്ടകത്ത് | 60000 | 15.02.2023 |

മേൽ ചേർത്തിരിക്കുന്ന ഗുണഭോക്താക്കള് ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനായി ഓഡിറ്റ് എൻക്വയറി (നം. 20/25.07.2024) നൽകിയതിന് ലൈഫ് പദ്ധതി - ജനറല് വിഭാഗത്തിലെ ക്രമ നം 1,4 എന്നീ ഗുണഭോക്താക്കളും ലൈഫ് പദ്ധതി - ഫിഷറീസ് വിഭാഗത്തിലെ ക്രമ നം 1, 3,6 ലൈഫ് പദ്ധതി - എസ് സി വിഭാഗത്തിലെ ക്രമ നം 4 ഭവന നിർമ്മാണം പൂർത്തീകരിച്ചതാണെന്നും ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് ബാക്കി തുക കൊടുക്കാത്തതെന്നും അവശേഷിക്കുന്ന ഗുണഭോക്താക്കൾ അവർക്ക് അനുവദിച്ച തുകയുടെ സ്റ്റേജ് വരെ പൂർത്തീകരിച്ചതാണെന്നും തുടര് പ്രവർത്തനങ്ങള് നടത്തിവരികയാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-28 ഭിന്നശേഷിക്കാർക്ക് ഉപകരണം നൽകല് പദ്ധതി അപാകതകള്

പ്രൊജക്ട്: 88/24 (ഭിന്നശേഷിക്കാർക്ക് ഉപകരണം നൽകൽ)

അടങ്കൽ: 200000(പൊതുവിഭാഗം സാധാരണ വിഹിതം)

ചെലവ്: 23150552037101531378/25.03.24 തുക 200000/-

ഐ.സി.ഡി.എസ്. സൂപ്പർവൈസര് നിർവ്വഹണം നടത്തിയ മേല് പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഹാന്റിക്ക്യാപ്പ്ഡ് വെൽഫെയര് അസോസിയേഷന് 200000/- രൂപ അനുവദിച്ചിട്ടുണ്ട്. മേൽ പർച്ചെയ്സിന്റെ ബില്

ഹാജരാക്കാത്തതിനാൽ പർച്ചെയ്സ് ചെയ്ത വസ്തുക്കളുടേയും വിതരണം ചെയ്തതിന്റേയും രേഖകള് ഒത്ത് നോക്കാൻ സാധിച്ചിട്ടില്ല. ഐ.സി.ഡി.എസ് സൂപ്പർവൈസര് ഹാജരാക്കിയ വിതരണ രജിസ്റ്റർ പ്രകാരം 8 ക്രോംപ്ലേറ്റഡ് വീൽ ചെയര് വാങ്ങിയതില് മുഹമ്മദ് താഹിര് യു.വി. എന്ന വ്യക്തിക്ക് ഇതേ വർഷം നടപ്പിലാക്കിയ നം. 172/24, 'ഭിന്നശേഷിക്കാർക്ക് ഉപകരണം നൽകല്' പദ്ധതി പ്രകാരം ഇതേ ഉപകരണം നൽകിയിട്ടുണ്ട്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം. 18/26.07.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 200000/- രൂപ തടസ്സം ചെയ്യുന്നു.

## 1-29 കാനൂർ മാനാത്ത് റോഡ് ഡ്രൈനേജ് പ്രവൃത്തി അപാകത - കരാറുകാരന് 6444 രൂപ അധികം നൽകി

പ്രോജക്റ്റ് നമ്പർ - (SO144/24)

അടങ്കൽ : 15,00,000

മൂല്യ നിർണ്ണയം - 15,00,000

ഫണ്ട് - CFC

വൗച്ചർ - 22300517/12.09.23- 613166

22201337/31.03.23-886834

കരാർ നം.- 24/9.02.2023

കരാറുകാരൻ – പി.മുകുന്ദൻ

എസ്റ്റിമേറ്റ് നമ്പർ - 51417/2022

സാങ്കേതികാനുമതി നമ്പർ - 51417/26.10.2022

അളവുപുസ്തകം - E Mbook

Cost index – 36.44% (DAR 2018)

അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേല് പദ്ധതിയുടെ കരാറിന്റെ ഭാഗമായ Standard Bidding Document part III ഖണ്ഡിക 10.1.4 പ്രകാരം 'For other items, the contractor is bound to execute up to 25% over the agreed quantity. In case of variation over 25% of the agreed quantity, the admissible rate for the excess quantity shall be limited to the technically sanctioned estimate rate modified by the overall tender exccess/tender dedction subjected to a maximum of the PWD local market rate prevailing at the time of ordering the excess quantity എന്ന് കരാറുകാരൻ സമ്മതിച്ചുറപ്പിച്ചിട്ടുണ്ട്. Agreed quantity യുടെ 25% അധികം വരെ കരാറുകാരന്റെ നിരക്കിൽ അനുവദിക്കാവുന്നതാണ്. ഇതിനു വിരുദ്ധമായി മേൽപ്രകാരം പ്രവൃത്തിയില് ഇനം 6 ന്റെ കാര്യത്തിൽ കരാര് പ്രകാരം തുക ക്രമപ്പെടുത്താതെ കരാറുകാരന് ₹7957/- അധികം നൽകിയിട്ടുണ്ട്. അധികം നൽകിയതിന്റെ വിവരങ്ങള് താഴെ ചേർക്കുന്നു.

ഇനം 9

(1:2:4 Cement concrete without shuttering OD-93412/22-23)

സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം ചെയ്തു തീർക്കേണ്ട അളവ് – 3.648 m3

സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് നിരക്ക് –₹ 8036.83/m3

കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് - ₹ 8599.40/m3

കരാർ ഷെഡ്യൂളിനെക്കാള് അധികം ചെയ്യുന്ന കാര്യത്തില് അനുവദിക്കാവുന്ന നിരക്ക് ₹ 8036.83/m3.

ചെയ്തു തീർത്ത അളവ് - 14.268 m3 (3.648 + 10.620 m3 Excess Qty)

| | |
|---|---|
| A. കരാറുകാരന് അനുവദിച്ചിട്ടുള്ള തുക<br><br>14.268 m3 X ₹ 8599.40/m3 | ₹1,22,696.23 |
| B. കരാറുകാരന് | ₹1,17,234.80 |

| | |
|---|---|
| അനുവദിക്കാവുന്ന തുക<br><br>(എ) 4.56 m3 (3.648 m3+25%)X ₹ 8599.40/m3 =₹39213.26<br><br>(ബി) 9.708 X ₹ 8036.83/m3 =₹ 78021.54 | |
| കരാറുകാരന് അധികം നൽകിയ തുക<br>(A –B) | ₹ 6444<br><br>(5461.43+18%=7957) |

അപാകതക്ക് വിശദീകരണം നൽകാന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7/25.7.24) മറുപടിയായി PRICE SOFTWARE ൽ ജനറേറ്റ് ചെയ്യുന്ന പ്രവൃത്തിയുടെ ഫൈനല് ബില്ലില് മാന്വല് ഇൻപുട്ട് നൽകാന് കഴിയാത്തതിനാലാണ് അപാകത സംഭവിച്ചത് എന്ന് അറിയിച്ചു. PRICE SOFTWARE ലെ ഈ അപാകത പരിഹരിക്കുന്നതിന് മേലധികാരികളുടെ ശ്രദ്ധയിൽപെടുത്തേണ്ടതും കാരാറുകാരന് അധികം നൽകിയ തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതമാണ്.

## 1-30 മരാമത്ത് പ്രവൃത്തികളിൽ മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളില് ഡ്രൈനേജ് നിർമ്മാണത്തിന് വേണ്ടിയും സൈഡ് കോൺക്രീറ്റിന് വേണ്ടിയും സൈഡ് ടാറിംഗ് പ്രവൃത്തികൾക്ക് വേണ്ടിയും ശരാശരി 1 മീറ്റര് വീതിയിലും ശരാശരി 0.5 മീറ്റര് ആഴത്തിലും മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ഉള്ളതിനാൽ മെക്കാനിക്കല് ആയി തന്നെ മണ്ണ് നീക്കം ചെയ്യാവുന്നതാണ്.

കെട്ടിട നിർമ്മാണ പ്രവൃത്തികളില് DSR Code 2.8.1 Specification പ്രകാരമുള്ള നിരക്കാണ് ഇത്തരത്തില് മണ്ണ് നീക്കം ചെയ്യുന്നതിന് അനുവദിക്കുന്നത്. റോഡ് പ്രവൃത്തികള് MoRD Specification പ്രകാരമാണ് ചെയ്യേണ്ടതെന്നതിനാൽ ഇവിടെ DSR Code 2.8.1 ന്റെ Observed Data ( Hydraulic Excavator) തയ്യാറാക്കി നിരക്ക് അനുവദിക്കാവുന്നതാണ്.

തൻവർഷത്തില് ഗ്രാമ പഞ്ചായത്തില് തന്നെ ചെയ്ത ഏതാനും പ്രവൃത്തികളില് മെക്കാനിക്കല് ആയി തന്നെ മണ്ണ് നീക്കം ചെയ്ത് ആണ് ആയത് പ്രകാരമുള്ള നിരക്ക് അനുവദിച്ചിട്ടുള്ളത്.

ഉദാ:- 1. ആശാൻപടി പൂനിലത്ത് അംഗൻവാടി റോഡ് നവീകരണം

എന്നാൽ താഴെ പറയുന്ന പ്രവൃത്തികളില് മാനുവല് ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്. പ്രവൃത്തികളെല്ലാം 3 മീറ്റര് വരെ വീതിയുള്ള റോഡുകളാണെന്ന് ആസ്തി രജിസ്റ്ററില് (Digital) നിന്നും വ്യക്തമായി.

| | |
|---|---|
| പ്രൊജക്ട് | വെട്ടം ചീർപ്പ് പുളിഞ്ചോട് റോഡ് നവീകരണം (SO152/24) |
| അടങ്കൽ/ചെലവ്/ഫണ്ട് | 9,40,000/9,40,000/MG(R)&CFC |
| കരാർ | 39/15.02.2023 |
| ടി എസ് | 93847/16.12.2022 |
| Vr.No & BRN | 22300582/27.9.23 – 175000 (CFC)<br><br>23150552036400615898/16.9.23 – 122774 (MG-R)<br><br>23150552036401532429/25.3.24 – 184806 (MG-R)<br><br>23150552036401310140/2.3.24 – 4,57,420 (MG-R) |
| കരാറുകാരൻ | VEA. ഷാനവാസ് |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം)- | 27634.86 |

| | |
|---|---|
| @ 360.75/$m^3$<br><br>(Cost index 36.44% & tender above-9.77%) | (69.785 $m^3$ * 396/$m^3$) |
| നൽകാവുന്ന തുക (Code 2.8.1 OD പ്രകാരം)- @ 311.32/$m^3$<br><br>(Cost index 36.44% & tender above-9.77%) | 23847.62/-<br><br>(69.785 $m^3$ * 341.73/$m^3$) |
| അധികം നൽകിയ തുക | **4469/- (3787.24+18% GST)** |

| | |
|---|---|
| പ്രൊജക്ട് | കാനൂർ മാനാത്ത് റോഡ് ഡ്രൈനേജ് പ്രവൃത്തി (SO144/24) |
| അടങ്കൽ/ചെലവ്/ഫണ്ട് | 15,00,000/15,00,000/CFC |
| കരാർ | 24/9.02.2023 |
| ടി എസ് | 51417/26.10.2022 |
| Vr. No. | 22300517/12.09.23-613166<br><br>22201337/31.03.23-886834 |
| കരാറുകാരൻ | മുകുന്ദൻ.പി |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം)- @ 360.75/$m^3$ | 53186.94<br><br>(137.79 $m^3$ * 386/$m^3$) |

| | |
|---|---|
| (Cost index 36.44% & tender above- 6.99%) | |
| നൽകാവുന്ന തുക (Code 2.8.1 OD പ്രകാരം)- @ 311.32/$m^3$<br><br>(Cost index 36.44% & tender above-6.99%) | 45895.09<br><br>(137.79 $m^3$ * 333.08/$m^3$) |
| അധികം നൽകിയ തുക | **8604/- (7291.85+18% GST)** |

| | |
|---|---|
| പ്രൊജക്ട് | വെട്ടത്ത് കാവ് ആശാരി കോളനി കേലൻപടി റോഡ് പ്രവൃത്തി (SO073/24) |
| അടങ്കൽ/ചെലവ്/ഫണ്ട് | 3,00,000/3,00,000/MG-R |
| കരാർ | 08/15.11.2023 |
| ടി എസ് | 55990/2.8.2023 |
| BRN | 231505520364015O8293/24.03.24-3,00,000 |
| കരാറുകാരൻ | ജയരാജൻ.എ |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം)- @ 360.75/$m^3$<br><br>(Cost index 36.44%) | 13093.06<br><br>(36.294 $m^3$ * 360.75/$m^3$) |
| നൽകാവുന്ന തുക (Code 2.8.1 OD പ്രകാരം)- @ 311.32/$m^3$ | 11299.04<br><br>(36.294 $m^3$ * 311.32/$m^3$) |
| അധികം നൽകിയ | **2117/- (1794.02+18% GST)** |

| | |
|---|---|
| തുക | |

| | |
|---|---|
| പ്രൊജക്ട് | വെട്ടത്ത് കാവ് തീണ്ടാപ്പടി റോഡ് നവീകരണം (SO072/24) |
| അടങ്കൽ/ചെലവ്/ഫണ്ട് | 6,00,000/411110/MG(R) |
| കരാർ | 10/16.11.2023 |
| ടി എസ് | 70359/5.8.2023 |
| BRN | 23150552036401508299/24.3.24 – 411110 |
| കരാറുകാരൻ | ഷാബു.കെ |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം)- @ 360.75/$m^3$<br><br>(Cost index 36.44% & tender above-9.77%) | 23855.44<br><br>(60.241 $m^3$ * 396/$m^3$) |
| നൽകാവുന്ന തുക (Code 2.8.1 OD പ്രകാരം)- @ 311.32/$m^3$<br><br>(Cost index 36.44% & tender above-9.77%) | 20586.15/-<br><br>(60.241 $m^3$ * 341.73/$m^3$) |
| അധികം നൽകിയ തുക | **3858/- (3269.29+18% GST)** |

| | |
|---|---|
| പ്രൊജക്ട് | കാനൂർ മാനാത്ത് അരിമ്പുരുത്തി റോഡ് പ്രവൃത്തി (SO080/24) |
| അടങ്കൽ/ചെലവ്/ഫണ്ട് | 1,75,000/1,44,742/MG-R |
| കരാർ | 09/15.11.2023 |

| | |
|---|---|
| ടി എസ് | 78760/5.8.2023 |
| BRN | 23150552036401508289/24.03.24-1,44,742 |
| കരാറുകാരൻ | ജയരാജൻ.എ |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം)- @ 360.75/$m^3$<br><br>(Cost index 36.44%) | 7756.85<br><br>(21.502 $m^3$ * 360.75/$m^3$) |
| നൽകാവുന്ന തുക (Code 2.8.1 OD പ്രകാരം)- @ 311.32/$m^3$ | 6694<br><br>(21.502 $m^3$ * 311.32/$m^3$) |
| അധികം നൽകിയ തുക | **1254/- (1062.85+18% GST)** |

അപാകതകൾക്ക് വിശദീകരണം നൽകാന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6/25.7.24) പ്രവൃത്തി പ്രദേശങ്ങളിൽ ലൂസ് സോയില് ആയതിനാലും പ്രവൃത്തികള് നടക്കേണ്ട സ്ഥലങ്ങളില് ഒരു വശത്ത് മതിലുകളും മറുവശത്ത് ടാറിംഗ്/കോൺക്രീറ്റ് റോഡുകള് ആയതിനാലും മെഷിനറികള് ഉപയോഗിച്ച് പ്രവൃത്തി ചെയ്താൽ ഇരുവശങ്ങളിലുമുള്ള നിലവിലുള്ള ആസ്തികള് കേടുവരാന് സാധ്യതയുള്ളതിനാലാണ് മാന്വല് ആയി മണ്ണ് നീക്കം ചെയ്യുന്നതിന് എസ്റ്റിമേറ്റിൽ പ്രൊവിഷന് വച്ചതെന്ന് അറിയിച്ചു. എന്നാൽ ഗ്രാമ പഞ്ചായത്തില് തന്നെ തൻവർഷത്തില് ചെയ്ത പ്രവൃത്തികളില് മണ്ണ് നീക്കം ചെയ്യുന്നതിന് മെഷിനറികള് ഉപയോഗിച്ച് പ്രവൃത്തി നടത്തുകയും (ഉദാഹരണം മുകളിൽ കാണിച്ചിട്ടുണ്ട്). ആയത് പ്രകാരമുള്ള നിരക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല എസ്റ്റിമേറ്റ് റിപ്പോർട്ടില് മണ്ണിന്റെ സ്വഭാവവും മറ്റ് കാര്യങ്ങളും പ്രതിപാദിച്ച് മാന്വല് വർക്ക് ചെയ്യേണ്ട സാഹചര്യം പറഞ്ഞിട്ടില്ല. എന്നിരുന്നാലും ഗ്രാമ പഞ്ചായത്തിന്റെ സ്ഥിതി ചെയ്യുന്ന പ്രദേശം കൂടുതലായും തീരദേശ മേഖലയായതിനാലും മണ്ണിന്റെ ഘടന പരിഗണിച്ചും മറുപടി അംഗീകരിക്കുന്നു. പ്രവൃത്തി സ്ഥലങ്ങൾ നേരിട്ടു കണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കാന് ശ്രദ്ധിക്കേണ്ടതും പ്രവൃത്തികള് PWD മാന്വൽ നിഷ്കർഷിക്കുന്ന തരത്തില് ചെലവ് കുറഞ്ഞ രീതികളിൽ ചെയ്യാന് ശ്രമിച്ച് ചെലവുകള് ഒഴിവാക്കാണ്ടേതുമാണ്.

## 1-31 പഞ്ചായത്ത് ഓഫീസ് നവീകരണം - ഫൈന് ഈടാക്കിയില്ല -നഷ്ടം 8819 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തിയില് നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരില് നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാതെയാണ് ബിൽ തുക കരാറുകാരന് നൽകിയിട്ടുള്ളത്.

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷന് 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻകഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാര് AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥന് ഇക്കാര്യത്തില് തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തില്, കരാറുകാര് നിർവ്വഹണ ഉദ്യോഗസ്ഥന് മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയില് ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തില്, 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കല് ആകെ പൂർത്തീകരണ സമയത്തിന്റെ 50% ല് അധികരിക്കാവുന്നതല്ല. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലര് പ്രകാരം കരാറുകാരന് യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്നാണ് നിർദേശിച്ചിട്ടുള്ളത്.

പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം ചുവടെ കാണിച്ച പ്രകാരം പിഴ തുക കരാറുകാരനിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഈടാക്കേണ്ട പിഴ |
|---|---|
| പഞ്ചായത്ത് ഓഫീസ് നവീകരണം (SO139/24)<br><br>Vr.No- 22301295/31-3-24 - | 27.11.23 -26.2.24 (1%) |

| | |
|---|---|
| 278321 (CFC Fund)<br><br>22301277/31-3-24 -199426 (CFC Fund)<br><br>കരാർ തുക - 5,58,953.32<br><br>അളവ് പുസ്തകം -E MBook<br><br>കരാർ 54/27.3.2023<br><br>കോൺട്രാക്ടര് ശ്രീ. മുഹമ്മദ് ഹനീഫ<br><br>പൂർത്തീകരണ കാലാവധി 8 മാസം (As per TS slip)<br>Site Hand over 27.03.2023<br><br>പൂർത്തീകരിക്കേണ്ട തീയ്യതി 26.11.2023<br><br>പൂർത്തീകരിച്ച തീയ്യതി- 23.3.2024 | 5589.5<br><br>27.2.24 -23.3.24 (2%)<br><br>3229<br><br>**Total - 8819** |

പ്രവൃത്തിയിൽ നിന്നും ഫൈന് ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/25.7.24) മറുപടി ലഭ്യമാക്കിയില്ല. **8819/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഫൈനൽ ബില് അനുവദിച്ച അസി. എഞ്ചിനീയറുടെ മേല് ബാധ്യത ചുമത്തുന്നതാണ്.**

## 1-32 അസി. എഞ്ചിനീയർ - ടെണ്ടര് ഫീ മുഴുവനായും പഞ്ചായത്തിലേക്ക് നൽകിയിട്ടില്ല

എൽ.എസ്.ജി.ഡി സെക്ഷന് അസിസ്റ്റന്റ്. എഞ്ചിനിയറുടെ പേരിലുള്ള തിരൂർ SBI ശാഖയിൽ ഉള്ള 38047964493

നമ്പർ ബാങ്ക് അക്കൗണ്ടിലാണ് ടെണ്ടര് ഫീസിനത്തിലുള്ള വരവുകള് വരുന്നത്. 31.3.2024 ന് 1,41,221.50/- രൂപ ഈ അക്കൗണ്ടിൽ നീക്കിയിരിപ്പ് ഉണ്ട്. ഇത് ടെണ്ടർ ഫീസിനത്തിലുള്ള വരവുകൾ ഉൾപ്പെടെയാണെന്ന് ബോധ്യപ്പെട്ടു. സാമ്പത്തിക അവസാനത്തിൽ ടെണ്ടര് ഫീസിനത്തില് ലഭിച്ച വരവുകള് മുഴുവനായും ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറേണ്ടതായിരുന്നുവെങ്കിലും ആയത് പാലിച്ചിട്ടില്ല. അതുകൊണ്ട് തന്നെ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തെ വാർഷിക കണക്ക് തയ്യാറാക്കിയപ്പോള് തൻവർഷത്തില് ടെണ്ടര് ഫീസിനത്തില് ലഭിച്ച എല്ലാ വരവുകളും ഉൾപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി.

അപാകതക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/25.7.24) മറുപടിയായി തുക 17.7.24 ന് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ളതായി രേഖകള് പ്രകാരം ബോധിപ്പിച്ചു. സാമ്പത്തിക വർഷാവസാനത്തില് ടെണ്ടര് ഫീസിനത്തില് ലഭിച്ച വരവുകള് മുഴുവനായും ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 എസ്.സി. വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - അപാകത

നിർവ്വഹണം- അസി. സെക്രട്ടറി

പ്രൊജക്ട് നം : 42/2024- എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ- 5,00,000 (വികസന ഫണ്ട് എസ്.സി.പി)
ചെലവ് - 5,00,000

BRN : 231505520296013937 36/15-03-24 : 118110

പദ്ധതിയുടെ ഭാഗമായി 5,00,000 രൂപ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഇനത്തിന് അനുവദിച്ചിട്ടുണ്ട്. ആയതിൽമേല് ബിൽ പ്രകാരം 6 എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചതില് താഴെപ്പറയുന്ന വിദ്യാർത്ഥിക്ക് ജി.ഒ (എം.എസ്) 115/2022/തസ്വഭവ തി.28-05-2022, ഖണ്ഡിക 7-2(4) പ്രകാരമുള്ള തുകയിൽ അധികരിച്ച് തുക അനുവദിച്ചു.

| പേര് | കോഴ്സ്/ സ്ഥാപനം | നൽകിയ തുക | നൽകാവുന്നത് | അധികം | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| അഖില.കെ | BA (Arabic), TMG College, Tirur<br><br>(Adm. No. 10334)<br><br>(II year) | 23622 | 20000 | 3622 | A/c. No- 40650101037320<br><br>KGB, Pariyapuram |

അപാകതക്ക് വിശദീകരണം നല്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/25.7.25) മറുപടി ലഭ്യമാക്കിയില്ല. 3622 രൂപ ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണം നടത്തിയ ഉദ്യോഗസ്ഥന്റെ മേൽ ബാധ്യത ചുമത്തുന്നതാണ്.

## <u>1-34 ബാലസഭ – പദ്ധതി നടപ്പിലാക്കിയില്ല- CDS ചെയർപേഴ്സന് കൈമാറിയ തുക തിരിച്ചീടാക്കിയില്ല.</u>

നിർവ്വഹണം- അസി. സെക്രട്ടറി

പ്രൊജക്ട് നം : 210/2024- **ബാലസഭ**

അടങ്കൽ- 50000 (തനത് ഫണ്ട്)
ചെലവ്: 50000

വൗച്ചർ - 22301254/25.3.24 - **50000**

ബാലസഭ നടത്തിപ്പുമായി ബന്ധപ്പെട്ട് 50,000 രൂപ CDS, കുടുംബശ്രീക്ക് അനുവദിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കാന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/25.7.24)

മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നടത്തിപ്പിന് വേണ്ടി തുക സി.ഡി.എസിന് കൈമാറിയെങ്കിലും ബാലസഭ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് അസി. സെക്രട്ടറി വാക്കാൽ അറിയിച്ചു. എന്നാൽ പദ്ധതിക്ക് വേണ്ടി അനുവദിച്ച തുക നാളിതുവരെ തിരിച്ച് ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറിയിട്ടില്ല. തുക സി.ഡി.എസ്. ചെയർപേഴ്സനില് നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടില് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷന് 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷന് 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| **വർഷം** | **സർട്ടിഫിക്കേഷന് കണക്കുകള് പരിശോധിച്ച തീയതി** | **സർട്ടിഫിക്കറ്റ് നമ്പർ/തീയതി** |
|---|---|---|
| 2023-24 | 2023-24 വാർഷിക ഓഡിറ്റ് വേളയില് വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതി നം, പേര് | ലഭിച്ച തുക (₹) | ചെലവഴിച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 37/2024 - ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 75,000 | 75000 | 0 |
| | 39/2024 - സ്ഥിരം കൃഷി നെല്ല് | 2,35,808 | 235808 | 0 |
| | 52/2024 - ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,00,000 | 2,00,000 | 0 |
| | 54/2024 - ലൈഫ് മിഷൻ ഭവന പദ്ധതി | 11,70,000 | 11,70,000 | 0 |
| | 62/2024 - ലൈഫ് ഭവന പദ്ധതി പട്ടികജാതി | 7,00,000 | 7,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 52/2024 - ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 3,00,000 | 3,00,000 | 0 |
| | 54/2024 - ലൈഫ് മിഷൻ ഭവന പദ്ധതി | 11,00,000 | 11,00,000 | 0 |
| | 62/2024 - ലൈഫ് ഭവന പദ്ധതി പട്ടികജാതി | 2,00,000 | 2,00,000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങള്

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങള്

--ഇല്ല--

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാന് അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തില് തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 01 | ലൈഫ് ഭവന പദ്ധതി ലോൺ | ലഭ്യമല്ല | 2,72,29,877 | 99,62,081 | 17,43,716 | | 3,54,48,242 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തില് ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (₹) | 1,882,200 |
| തൻവർഷം നിക്ഷേപിച്ച തുക (₹) | 10,042,300 |
| ആകെ (₹) | 1,19,24,500 |
| തന്നാണ്ടിൽ പിൻവലിച്ച തുക (₹) | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (₹) | 1,19,24,500 |

2022-23 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷപത്തിന്റെ വിവരം | തുക (₹) | രശീതി നമ്പർ/തീയതി |
|---|---|---|
| തിരൂർ സബ് ട്രഷറി – Cyclone Shelter Management and Maintenance Fund | 18,82,200 | JL1424238/29-09-2022 |
| ട്രഷറി ഫിക്സ്ഡ് ഡെപ്പോസിറ്റ് | 42,300 | JL1469518/28.04.2023 |
| ഫിക്സ്ഡ് ഡെപ്പോസിറ്റ് ഓൺ എസ്.ബി.ഐ. | 1,00,00,000 | 42649671775/02.02.2024 |

| | | |
|---|---|---|
| പി.ബി.ബി, തിരൂർ | | |
| **ആകെ** | **11,924,500** | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തിയ്യതി |
|---|---|---|---|---|
| 2022-2023 | ഓഡിറ്റ് എൻക്വയറി നം. 14/16.08.23 | 1519 | ശ്രീമതി ബിന്ദുമോൾ. കെ. കെ, അസിസ്റ്റന്റ് എഞ്ചിനീയർ | 1230101098/18.08.23 |

## 4-8 സമാഹൃത റിപ്പോർട്ടില് ഉൾപ്പെട്ട ഖണ്ഡികകള്

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളില്, കേരള ലോക്കല് ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടില് ഉൾപ്പെട്ട ഖണ്ഡികകളില്, തീർപ്പാക്കാന് അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി പിരിവിലെ അപാകത | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

--ഇല്ല--

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ). സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 268170388 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 272364226 |

| | |
|---|---|
| വരവിനങ്ങളിലെ നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 0 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹) | 866565 |

**ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.</u>**

**ഇല്ല**

**സി). <u>ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.</u>**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14-1 | 32000 | ശ്രീമതി മഞ്ജു.എം, ഐ.സി.ഡി.എസ്. സുപ്പർവെെസര് |
| 1-14-2 | 22750 | ശ്രീമതി മഞ്ജു.എം, ഐ.സി.ഡി.എസ്. സുപ്പർവെെസര് |
| 1-14-3 | 11847 | ശ്രീമതി മഞ്ജു.എം, ഐ.സി.ഡി.എസ്. സുപ്പർവെെസര് |
| 1-24 | 497960 | ശ്രീ.വൈശാഖ്.കെ , ഫിഷറീസ് എക്സറ്റൻഷൻ ഓഫീസർ |
| 1-25 | 64734 | ശ്രീ.വൈശാഖ്.കെ , ഫിഷറീസ് എക്സറ്റൻഷൻ ഓഫീസർ |
| 1-26 | 37274/- | ശ്രീ.വൈശാഖ്.കെ , ഫിഷറീസ് എക്സറ്റൻഷൻ ഓഫീസർ |
| 1-28 | 200000 | ശ്രീമതി മഞ്ജു.എം, ഐ.സി.ഡി.എസ്. സുപ്പർവെെസര് |
| **ആകെ** | 866565 | |

**ഡി) <u>കേന്ദ്ര സംസ്ഥാന സർക്കാരുകള്, മറ്റ് സ്ഥാപനങ്ങള് എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല.

ഇ) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതല് അന്വേഷണം ആവശ്യമായവ.</u>
ഇല്ല.
**എഫ്)** <u>**റിപ്പോർട്ടില് പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങള്**</u>
<u>**ഇല്ല**</u>

## <u>4-11 തീർപ്പാക്കാന് അവശേഷിക്കുന്ന റിപ്പോർട്ടുകള്</u>

| ക്രമ നം | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1970-71 | എൽ.എഫ്.എം.7/812/88, തിയ്യതി. 15.06.1988 | 33 |
| 2 | 1973-74 | എൽ.എഫ്.എം.7/813/88, തിയ്യതി. 15.06.1988 | 2 |
| 3 | 1976-77 | എൽ.എഫ്.എം.7/815/88, തിയ്യതി. 06.06.1988 | 5 |
| 4 | 1980-81 | എൽ.എഫ്.എം.7/819/88, തിയ്യതി. 17.06.1988 | 16 |
| 5 | 1997-98 | കെ.എസ്.എ.എം.പി.എം.17/2186/21(3), തിയ്യതി. 12.10.2022 | 1 |
| 6 | 1998-99 | കെ.എസ്.എ.എം.പി.എം.17/2186/21(4), തിയ്യതി. 12.10.2022 | 8 |
| 7 | 1999-00 | കെ.എസ്.എ.എം.പി.എം.17/2186/21(5), തിയ്യതി. 12.10.2022 | 13 |
| 8 | 2000-01 | കെ.എസ്.എ.എം.പി.എം.17/2186/21(6), തിയ്യതി. 12.10.2022 | 27 |
| 9 | 2001-02 | കെ.എസ്.എ.എം.പി.എം.17/2186/21(7), തിയ്യതി. 12.10.2022 | 5 |
| 10 | 2002-03 | കെ.എസ്.എ.എം.പി.എം.17/2186/21(8), തിയ്യതി. 12.10.2022 | 3 |
| 11 | 2003-04 | എൽ.എഫ്.എം.14/140/09, തിയ്യതി. 07.05.2009 | 11 |
| 12 | 2004-05 | കെ.എസ്.എ.എം.പി.എം.17/2186/21(9), തിയ്യതി. | 9 |

| | | | |
|---|---|---|---|
| | | 12.10.2022 | |
| 13 | 2005-06 | കെ.എസ്.എ.എം.പി.എം.17/2186/21(10), തിയ്യതി. 12.10.2022 | 6 |
| 14 | 2006-07 | കെ.എസ്.എ.എം.പി.എം.17/2186/21(11), തിയ്യതി. 12.10.2022 | 10 |
| 15 | 2007-08 | കെ.എസ്.എ.എം.പി.എം.17/2186/21(12), തിയ്യതി. 12.10.2022 | 4 |
| 16 | 2008-09 | എൽ.എഫ്.എം.17/1515/11, തിയ്യതി. 13-06-2012 | 15 |
| 17 | 2009-10<br>2010-11 | കെ.എസ്.എ.എം.പി.എം.17/2186/21(13), തിയ്യതി. 12.10.2022 | 5 |
| 18 | 2011-12<br>2012-13 | കെ.എസ്.എ.എം.പി.എം.17/142/21(1), തിയ്യതി. 12.10.2022 | 8 |
| 19 | 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.17/142/21(2), തിയ്യതി. 12.10.2022 | 6 |
| 20 | 2015-16 | കെ.എസ്.എ.എം.പി.എം.17/19/17, തിയ്യതി. 08.03.18 | 16 |
| 21 | 2016-17 | കെ.എസ്.എ.എം.പി.എം.17/2193/17, തിയ്യതി. 31.07.18 | 19 |
| 22 | 2017-18 | കെ.എസ്.എ.എം.പി.എം.17/770/19, തിയ്യതി. 28.05.2019 | 9 |
| 23 | 2018-19 | കെ.എസ്.എ.എം.പി.എം.17/420/2020, തിയ്യതി. 10.03.2020 | 9 |
| 24 | 2019-20 | കെ.എസ്.എ.എം.പി.എം.17/652/2022, തിയ്യതി. 24.09.2022 | 2 |
| 25 | 2020-21 | കെ.എസ്.എ.എം.പി.എം.17/653/2022. തിയ്യതി. 04.05.2023 | 5 |
| 26 | 2021-22 | കെ.എസ്.എ.എം.പി.എം.17/283/2023(1), തിയ്യതി. 05.07.2023 | 24 |
| 27 | 2022-23 | കെ.എസ്.എ.എം.പി.എം.17/2204/2023(1), തിയ്യതി. 06.10.2023 | 13 |

ഡെപ്യൂട്ടി ഡയറക്ടർ

**Annexure-1**

**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 27-05-2024 and submitted on 31-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Vettom Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the

financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Vettom Grama Panchayat as on 31-03-2024

**Date: 05/09/2024**
**Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Vettom Grama Panchayat for the Year 2023-2024.

**1.Major Observations**

NIL

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit.
i. Ratios

ii. Notes on accounts
iii. comparative amounts
2. Asset register is not up to date and is not reliable for audit.
3. balance of HDFC Bank (Account Number: 50100414288900) does not match with bank book of the reconciliation statement of the same bank
4. MNREGS cash statement does not match with AFS
5. Expenditure as ACR for the developement fund general does not match with A.F.S
6.Advance given to KSEB as per register does not match with AFS
7.deposit register is not updated.
8.receipt from property tax as per DCB does not match with AFS
9.As per Kerala Panchayat Rules Rule 62(2)(4) the figures in financial statement should be marked in whole numbers; but it is not kept in that manner.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തില് അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടില് ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്